കയാണെങ്കിൽ ഞാൻ ഇപ്പോൾ ധരിച്ചിരിക്കുന്ന ഡ്രസ് ധരിക്കത്തക്കവ
ണ്ണമുള്ള ധനശക്തി എനിക്കില്ല. വേനൽക്കാലത്തു മറുള്ളവരുടെ
വെളിപ്പുരയിടങ്ങളിലും മഴക്കാലത്തു അടുപ്പിന്റെ സമീപത്തും മഞ്ഞുകാ
ലത്തു അതികഠിനമായ തണുപ്പിലും ഞങ്ങൾ കഴിച്ചുകൂട്ടുകയാണ് ചെയ്യു
ന്നതു്. പരമാർത്ഥം പറയുകയാണെങ്കിൽ ഞങ്ങളുടെ പൂർണ്ണഗർഭിണി.
കളായ സ്ത്രീകൾ തമ്പുരാക്കന്മാരുടെ ജോലിയെല്ലാംകഴിഞ്ഞേ പ്രസവി
ക്കാവു എന്നുകൂടി പ്രാർത്ഥിക്കയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെ
യ്യുന്നുവെന്നുപറയുന്നതു് അത്ഭുതത്തെ ഉണ്ടാക്കുന്നതാണെങ്കിലും അതു
വെറും പരമാർത്ഥംമാത്രമാണ്. അത്രമാത്രം മറുള്ളവരുടെ സൌകര്യം
നോക്കി ജീവിക്കുന്നവരാണു ഞങ്ങൾ. പ്രമാണികളായ ഗൃഹസ്ഥന്മാരും
വാചാലതകൊണ്ടു കാലം കഴിക്കുന്ന നേതാക്കന്മാരും യാതൊരു പ്രയത്ന
വും ചെയ്യാതെ സുഖിക്കുന്ന പ്രഭുക്കന്മാരും ഞങ്ങളുടെ കഷ്ടപ്പാടിനെ
തുറന്നുപറയുവാൻ മടിച്ചേക്കുമെങ്കിലും സഹ്യപർവതത്തിന്റെ താഴ്വ
രകളിലെ റബ്ബർചെടികൾമുതൽ കുഗ്രാമത്തിൽ കൃഷിചെയ്യപ്പെട്ടവരു
ന്നക്കുവരകുവരെയുള്ള വൃക്ഷലതാദികളും ഞങ്ങളുടെ അദ്ധ്വാനത്തിനു സാ
ക്ഷ്യംവഹിക്കുമെന്നുള്ള തീർച്ചയാണ്. പരമാർത്ഥം പറയുകയാണെങ്കിൽ
ഗൃഹസ്ഥന്റെ തൊഴുത്തിലെകാള, മദാമ്മയുടെപട്ടി, ലായത്തിലെ കുതിര
മുതലായ മൃഗങ്ങളും മോട്ടാർതുടങ്ങിയ ജംഗമസ്ഥാപനങ്ങളും ഞങ്ങളു
ടെ ബഹുമാനത്തേയും അസൂയയേയും സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. ഇതു
അസഹ്യമായ ഈ സ്ഥിതി തലയിലെഴുത്തുകൊണ്ടോ വിധികൊണ്ടോ
വന്നുപോയതാണെന്നു വിശ്വസിക്കുവാനും വിചാരിക്കുവാനും ഇനി നിവൃ
ത്തിയില്ല.

ചരിത്രകാരന്റെ സുവർണ്ണാക്ഷരത്തിലുള്ള മനോഹരചരിത്ര
ത്തിന്റെ കടലാസുകൾ മറിക്കുമ്പോൾ ഞങ്ങളെ സംബന്ധിച്ച യാഥാർ
ത്ഥ്യം എഴുതിയേക്കാവുന്ന കറുത്ത കടലാസുകൾ കാണാൻ ഇടവരികയി
ല്ലെന്നു പൂർണ്ണമായി വിശ്വസിക്കുന്നു. മഹാരാജാവുതിരുമസ്സിലെ തുലി
കാപ്രയോഗംകൊണ്ടു ഞങ്ങളുടെ അസമത്വങ്ങൾമാറി ക്ഷേത്രസന്നി
ധിയിൽപോയി ആരാധനനടത്താൻ മഹാഭാഗ്യം ലഭിച്ചുവെങ്കിലും ഞങ്ങ
ളുടെ ദാരിദ്ര്യം ഞങ്ങളെ ആ സ്വാതന്ത്ര്യം അനുഭവിക്കാൻ അനുവദിക്കു
ന്നില്ല. ഞങ്ങളുടെ ഉദ്ധാരണത്തിനുള്ള സകല സംഗതികളും ഗവണ്മെ
ൻറുതന്നെ ഏറ്റെടുത്തു പ്രവർത്തിച്ചാലല്ലാതെ സാധിതപ്രായമാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. C. Adichan.]

തല്ല. അതിലേക്കുതകുന്ന ചില നിർദ്ദേശങ്ങൾ ഞാൻ ഇവിടെ സമർപ്പിച്ചുകൊള്ളട്ടെ.

ഗവണ്മെൻറിൽനിന്നു സാധുക്കൾക്കു ഭൂമി പതിച്ചുകൊടുക്കുന്നുണ്ട്. വ൬,൦൦൦-ത്തിൽ ചിലപ്പോൾ കുറവിൽ എത്രപേരാണു കിടക്കാൻ സ്ഥലമില്ലാതെ കഷ്ടപ്പെടുന്നതെന്നു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ല. അവർക്കു പതിച്ചുകൊടുക്കുന്ന സ്ഥലംതന്നെയും സ്വാധീനശക്തിയുള്ളവർ അവരിൽനിന്നും ഈടാക്കുന്നുണ്ട്. ഇങ്ങനെ മറ്റാളുകൾ ഞങ്ങളുടെ സ്ഥലം കയ്യേറിക്കൊണ്ടു പോകാതിരിക്കത്തക്കവണ്ണം ഞങ്ങൾക്കു ഒരു പുതിയ നിയമമുണ്ടാക്കിത്തരണമെന്നപേക്ഷിക്കുന്നു.

ഇനി ഞങ്ങളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ചാണു പറയുവാനുള്ളത്. അവശരിൽ അവശർ എന്നു പറയത്തക്കവണ്ണം അത്രമാത്രം വിദ്യാവിഹീനരും അജ്ഞരും ദരിദ്രരും അപരിഷ്കൃതരും ആയ ഹരിജനസമുദായം മുന്നോട്ടു വന്നുകൊള്ളട്ടെ എന്നുള്ള മഹാമനസ്കതയോടുകൂടി ഉദാരമതികളായ മഹത്തുക്കൾ അനുഗ്രഹബുദ്ധ്യാ സഹായിക്കുന്നതിൻറെ ഫലമായി ലോകൈകവന്ദ്യനായ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്നുവരുന്ന അഖിലഭാരതീയ ഹരിജനസേവാസംഘത്തിൻറെ കേരളസംസ്ഥാന ശാഖയുടെ ആത്മാർത്ഥവും നിഷ്കളങ്കവുമായ സഹായം ഇല്ലായിരുന്നുവെങ്കിൽ തിരുവനന്തപുരം ഹരിജനഹോസ്റ്റലിൽ പഠിച്ചുവരുന്ന നാല്പതിൽപ്പരം ഉൽക്കർഷേച്ഛുക്കളായ വിദ്യാർത്ഥികളുടെ പാഠശാലാജീവിതം ഇതിനു മുമ്പുതന്നെ അവസാനിച്ചു പോകുമായിരുന്നു.

MR. T. T. KESAVAN SASTRI (*Nominated*): ഈ ഹോസ്റ്റലിനു് ഗവണ്മെൻറിൽനിന്നും വല്ല ധനസഹായവും നൽകുന്നുണ്ടോ?

MR. P. C. ADICHAN : ഗവണ്മെൻറിൽനിന്നും കഴിഞ്ഞ രണ്ടു് വർഷങ്ങളിലായി വേണ്ട സഹായങ്ങൾ ചെയ്തിട്ടുണ്ടു് .അങ്ങിനെ ഗവണ്മെൻറിൽനിന്നും ചെയ്തിട്ടുള്ള സഹായങ്ങൾക്കായി ഹരിജനസേവാ സംഘത്തിൻറെ പേരിൽ വളരെ കൃതജ്ഞനായിരിക്കുകയും ഗവണ്മെൻറിനെ അഭിനന്ദിക്കുകയും ചെയ്യുകൊള്ളുന്നു. മഹിളാമന്ദിരത്തിൽനിന്നും സെക്കൻഡ ഫാറത്തിൽ പഠിക്കുന്ന ഒരു കുറവപ്പെൺകുട്ടിയെക്കൊടുത്താൽ അവർ താമസിപ്പിച്ചു പഠിപ്പിക്കാമെന്നു് അറിയിക്കുകയും അതനുസരിച്ചു് വ൬,൦൦൦-ത്തിൽ ചിലപ്പോൾ വരുന്ന കുറവരടങ്ങിയ ഈ രാജ്യത്തു് ഒരൊറ്റ പെൺകുട്ടിയെപ്പോലും കിട്ടാതിരുന്നതു് എത്ര സങ്കടകരമാണെന്നു് പറയേണ്ടതില്ലല്ലോ. ഇതാണു് ഞങ്ങളുടെ പെൺകുട്ടികളുടെ വിദ്യാ

LIBRARY ARCHIVES Kerala Legislative Assembly

ദ്ധ്യാസസ്ഥിതി. അതുകൊണ്ട് തിരുവിതാംകൂറിന്റെ ഉത്തരദക്ഷിണമദ്ധ്യ ഭാഗങ്ങളിലായി മൂന്ന ഹരിജനവിദ്യാർത്ഥിമന്ദിരങ്ങളും, കുട്ടനെ ഒരു ഹരിജനബാലികാമന്ദിരവും സ്ഥാപിച്ച് നടത്തുന്നതിന് ഗവണ്മെന്റ് കഴിയുന്ന സഹായസഹകരണങ്ങൾ ചെയ്യണമെന്ന് വിനീതമായി അപേക്ഷിക്കുന്നു. അതിനാൽ അവശ്യസമുദ്ധാരണത്തിനായി ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്ന തുക ഏതുതരത്തിലായാലും ശരി മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം നടക്കുമാറ് ദയാപൂർവ്വം കൃപയാക്കി യഥാക്രമം ചെലവു ചെയ്ത് ഞങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നപേക്ഷിച്ചുകൊള്ളുന്നു.

MR. K. R. NARAYANAN (*Vaikam cum Kottayam*) : സർ, മിച്ചം വരുത്തുന്ന ഒരു ബഡ്ജറ് അവതരിപ്പിച്ചുകൊണ്ട് ഫിനാൻഷ്യൽ സെക്രട്ടറി സന്തുഷ്ടനായിരിക്കുന്നു. ഒരു കർഷകരാജ്യമായ തിരുവിതാംകൂറിൽ കർഷകോൽക്കർഷത്തിനു മതിയായ സംഖ്യ മാറിവയ്ക്കാതെയും അതിന് കാര്യക്ഷമമായ ഒരു പദ്ധതി സൃഷ്ടിക്കാതെയും കൃപവൽക്കരിച്ചിരിക്കുന്ന ഈ ബഡ്ജറ് മിച്ചമുണ്ടെന്നുള്ള ഏകകാരണത്താൽ അഭിനന്ദനാർഹമാണെന്ന് ഞാൻ വിചാരിക്കുന്നില്ല. ഈ രാജ്യത്തെ കർഷകർ നാട്ടിൻപുറങ്ങളിൽ കിടന്നു വിഷമിക്കുമ്പോൾ അതിലേക്ക് യാതൊരു പരിഗണയും നിർദ്ദേശിക്കാതെ പട്ടണങ്ങളെ കൂടുതൽ കൂടുതൽ പരിഷ്കരിക്കുവാനും മോടിപിടിപ്പിക്കുവാനുമുള്ള ഒരു പട്ടണപക്ഷപാതിത്വം ഫിനാൻഷ്യൽ സെക്രട്ടറികാണിക്കുന്നുവെന്നു ഒരു ഗ്രാമവാസിയായ എനിക്ക് പറയാതിരിക്കുവാൻ നിവൃത്തിയില്ല. തിരുവിതാംകൂറിലെ ഗ്രാമങ്ങളെ ഉദ്ധരിക്കാൻ ശ്രമിക്കുന്ന എല്ലാവർക്കും ഇത് നിശിതമായ ഒരു നിരൂപണവിഷയമാണ്. ഈ സന്ദർഭത്തിൽ മഹാത്മാഗാന്ധി ഈയിടെ മന്ത്രിമാരോട് ചെയ്ത ഉപദേശം ശ്രദ്ധാർഹമാണ്. ഗ്രാമങ്ങളേയും കർഷകരേയും ഉദ്ധരിക്കാതെ ഭാരതഭൂമിയെ മുന്നോട്ട് കൊണ്ടുവരാൻ സാധിക്കുകയില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഫിനാൻഷ്യൽ സെക്രട്ടറി തിരുവിതാംകൂറിലെ ഗ്രാമങ്ങളെ ഉദ്ധരിക്കുന്നതിന് ആത്മാർത്ഥമായി ശ്രമിക്കണമെന്നും അതിലേക്കായി മഹാത്മാഗാന്ധിയുടെ ആ നിർദ്ദേശത്തിൽ അദ്ദേഹം ശ്രദ്ധിക്കണമെന്നുംഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. തിരുവിതാംകൂറിൽ നിന്നുള്ള ഗ്രാമങ്ങളും 8 നു പട്ടണങ്ങളുമുണ്ട്. ഈ 8 നു പട്ടണങ്ങളുടേയും ഉൽക്കർഷത്തിനുവേണ്ടി ഏറ്റവും വമ്പിച്ചസംഖ്യ ബഡ്ജറിൽ ചേർത്തിരിക്കുന്നുവെന്നുള്ളത് വളരെ പരിതാപകരംതന്നെ. വൈദ്യസഹായവും ഗതാഗതസൗകര്യവും സഞ്ചാരസൗകര്യവും ഗ്രാമങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

വഹിപ്പിക്കുന്നതിനുവേണ്ടി ഗവണ്മെൻറു പൂർവ്വാധികം ശ്രദ്ധിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ഉത്തരതിരുവിതാംകൂറിലേയും മദ്ധ്യതിരുവിതാംകൂറിലേയും തെക്കൻതിരുവിതാംകൂറിലേയും ഗതാഗതസൗകര്യങ്ങളെ താരതമ്യപ്പെടുത്തി വിശകലനം ചെയ്യേണ്ടതു് ഉത്തരതിരുവിതാംകൂർകാരനായ എന്റെ ചുമതലയാണ്. തെക്കൻ തിരുവിതാംകൂറിൽ ചതുരശ്രമൈലൊന്നിന് ഏഴര മൈൽ റോഡുള്ളപ്പോൾ മദ്ധ്യതിരുവിതാംകൂറിൽ നാലുചതുരശ്രമൈലിന് ഒരു മൈൽ റോഡും ഉത്തരതിരുവിതാംകൂറിൽ ആറു ചതുരശ്രമൈലിന ഒരു മൈൽ റോഡുമാണുള്ളതു്. ഈ കണക്കിന് തെക്കൻതിരുവിതാംകൂറിൽ റോഡ് ക്രൂടുതലും മദ്ധ്യതിരുവിതാംകൂറിൽ റോഡിന്റെ പോരായ്മയും ഉത്തരതിരുവിതാംകൂറിൽ റോഡിന്റെ ഇല്ലായ്മയും ആണ് കാണുന്നതെന്ന് ഗവണ്മെൻറും ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനും ഗ്രഹിക്കേണ്ടതു് അത്യാവശ്യമാണ്.

MR. M. SIVATANU PILLAI: തിരുവിതാംകൂറിന്റെ പടത്തിൽ തെക്കോട്ടുപോകുന്തോറും സ്ഥലം വളരെ ചുരുങ്ങിയാണു പോകുന്നതെന്ന് നോട്ടുചെയ്തിട്ടുണ്ടോ?

MR. K. R. NARAYANAN : നോട്ടു് ചെയ്തിട്ടുണ്ടു്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*) : മെമ്പക്കു്:—

PRESIDENT : Honourable members will realise that unless it is imperative there should be no interruptions during the general Budget discussion because each member gets only 15 minutes within which he attempts to deal with the whole field of administration. Therefore unless there are absolutely urgent reasons, there should be no interruption and I appeal to the House not to interrupt. The honourable member will proceed.

MR. K. R. NARAYANAN : തെക്കോട്ടുപോകുന്തോറും വളരെ വീതികുറഞ്ഞുവരുന്നുവെന്നുള്ളതു് എനിക്കു് നല്ലപോലെ അറിയാം. ഗതാഗതസൗകര്യത്തെസംബന്ധിച്ചു് ഫർസ്റ്റ് ഫെബ്രുവരി രണ്ടാംതീയതി ഒരു ഡെപ്യൂട്ടേഷൻപോയി ആ ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷനെ അറിയിച്ചപ്പോൾ ഭൂലോകം മുഴുവനുമുള്ള പുറമ്പോക്കിന്റെ നാലിലൊന്നു റോഡ് തിരുവിതാംകൂറിലുണ്ടെന്നു് അദ്ദേഹം പറഞ്ഞു. ആ റോഡുകളെ തിരുവിതാംകൂറിന്റെ എല്ലാഭാഗങ്ങളിലും വിതരണംചെയ്യുന്നതിനുള്ള ഔദാര്യബുദ്ധി ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ കാണിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ഈ സന്ദർഭത്തിൽ വടക്കൻതിരുവിതാംകൂറിലുള്ള വൈദ്യസഹായത്തെക്കുറിച്ച് രണ്ടു വാക്ക് പറയാൻ ഞാൻ നിർബന്ധിതനായിത്തീർന്നിരിക്കുകയാണ്. അവിടെ പറയത്തക്ക യാതൊരു വൈദ്യസഹായവുമില്ലാത്ത അനവധി ഗ്രാമങ്ങളുണ്ട്. ഏറണാകുളം ആശുപത്രിയിൽ അനവധി ആളുകൾ പോയിത്താമസിച്ച് ചികിത്സനടത്തിവന്ന ഒരു കാലമുണ്ടായിരുന്നു. നിർഭാഗ്യവശാൽ അതിന് കൊച്ചി ഗവണ്മെൻറ് ഒരു പൂർണ്ണവിരാമമിട്ടിരിക്കുന്നതുപോലെ തോന്നുന്നു. അതു് അങ്ങനെയായാലും അല്ലെങ്കിലും ഉത്തരതിരുവിതാംകൂറിൽ കൂടുതൽ ഡിസ്പെൻസറികൾ സ്ഥാപിക്കുകയും നാട്ടുവൈദ്യശാലകൾക്ക് കൂടുതൽ ഗ്രാൻറ് അനുവദിച്ചുകൊടുത്തു ജനങ്ങളുടെ ആരോഗ്യത്തെ സംരക്ഷിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. നൂറ വർഷമായി നടന്നുവന്ന അതിരമ്പുഴ ആശുപത്രിയെ ഏറുമാന്തുരേക്കു മാറാൻപോകുന്നതായി ഒരു വർത്തമാനം ഡിപ്പാർട്ടുമെൻറിൽ അന്തർവാഹിനിയായി നടക്കുന്നുണ്ടെന്നുള്ള കാര്യം ഈ അവസരത്തിൽ പ്രസ്താവിക്കാതെ നിവൃത്തിയില്ല. ഇതിനെക്കുറിച്ച് ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കേണ്ടതാണ്.

MR. P. SIVARAMA PILLAI (*Minachil cum Todupuzha*) : ഏറുമാന്തുർ വേറെ ഡിസ്പെൻസറിയുണ്ടോ?

MR. K. R. NARAYANAN : ഇല്ല, അതിരമ്പുഴയുള്ള ഡിസ്പെൻസറിയെ ഏറുമാന്തുരേക്ക് മാറണമെന്ന് അർത്ഥമില്ല.

MR. K. P. KOCHUKORA THARAKAN (*Kunnatnad cum Parur*) : അതിരമ്പുഴ വേറെ ആശുപത്രിയുണ്ടോ?

MR. K. R. NARAYANAN : ഇല്ല.

തിരുവിതാംകൂറിലെ മൊത്തംവരവിൽ നാൽപ്പത്തഞ്ചു ശതമാനം ശമ്പളംകൊടുക്കുന്നതിനുവേണ്ടി ചിലവാക്കിവരുന്നു. ഇതുയും വമ്പിച്ച ഒരു സംഖ്യ ശമ്പളത്തിനുവേണ്ടി ചിലവാക്കുന്ന ഒരു രാജ്യം ഇൻഡ്യയിൽ വളരെ വളരെ അപൂർവമാണ്. ഇതുയും ഭീമമായ ഒരു സംഖ്യ ശമ്പളത്തിനുവേണ്ടി ചിലവാക്കേണ്ടിവരുന്നതു് ഈ രാജ്യത്തു് അനാവശ്യമായ ഉദ്യോഗങ്ങൾ വളരെയുള്ളതുകൊണ്ടും ഉള്ള ഉദ്യോഗസ്ഥന്മാർക്ക് അവരുടെ ആവശ്യമായ ജീവിതത്തിൽ കവിഞ്ഞ തുക ശമ്പളംകൊടുക്കുന്നതുകൊണ്ടുമാണ്. അതുകൊണ്ട് ഒന്നാമതായി അനാവശ്യം എന്നുതോന്നുന്ന സർവ ഉദ്യോഗങ്ങളേയും നിറുത്തുന്നതിനു് ശ്രമിക്കേണ്ടതാണ്. വന്യമൃഗസംരക്ഷകൻ, എ. എസ്. പി മുതലായ ഉദ്യോഗങ്ങൾ പരമാർത്ഥത്തിൽ ഇല്ലാതെ കഴിയ്ക്കാവുന്നതാണ്. ഇപ്പോൾ വിദ്യുച്ഛക്തിവിൽപ്പനക്കുവേണ്ടി ആരാളെ എടുക്കാൻപോകുന്നതായി കേൾക്കുന്നു. ഇൻകം ടാക്സ് കമ്മീഷണരായി വേറൊരാളെ പുറമേനിന്നും വരുത്തുന്നതാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

യും കേൾക്കുന്നു. ഇതുരണ്ടും അനാവശ്യങ്ങളായ ഉദ്യോഗങ്ങളാകയാൽ വേണ്ടെന്നാണ് എന്റെ അഭിപ്രായം.

തിരുവിതാംകൂറിലെ വിഭവങ്ങൾക്ക് ഒരു മാക്കറു കണ്ടുപിടിക്കുന്നതിന് ടെയിഡ് എജൻറിനെ നിയമിച്ചു. അതിന്റെ ഫലമായി തിരുവിതാംകൂറിനു അത്യധികമായ നഷ്ടം സംഭവിച്ചുവെന്നുള്ളതു് അദ്ദേഹത്തെ നിയമിച്ച ആളുകൾതന്നെ നിഷേധിക്കുമെന്നു തോന്നുന്നില്ല. ഗവണ്മെൻറിനു ഒരു ഭീമമായ സംഖ്യ നഷ്ടം വന്നതുകൂടാതെ ഏകദേശം ൪൦൦൦൦ രൂപായിൽ കുറയാത്ത സംഖ്യ ജനങ്ങൾക്കും ടെയിഡ് എജൻറിന്റെ നിയമനംകൊണ്ടു് നഷ്ടമുണ്ടായിട്ടുണ്ടു്. അനാവശ്യമായ ഉദ്യോഗങ്ങൾ സൃഷ്ടിക്കണമെന്നു് പ്രേരിപ്പിക്കുന്ന ആളുകൾക്കു് മേലാൽ ഇതൊരു പാഠമായിരിക്കേണ്ടതാണു്. ഇവിടത്തെ ഉദ്യോഗസ്ഥന്മാരിൽ ൪൦൦ രൂപായും അതിൽകൂടുതലും ശമ്പളം പറ്റുന്നവർ ൪൯ പേരുണ്ടു്. ഈ ൪൯ പേരുംകൂടി പ്രതിമാസം ൨൪,൫൫൦ രൂപാ ശമ്പളംപറ്റുന്നു. ഇവിടെ ഒരു ശമ്പളനിയന്ത്രണക്കമ്മറിയെ നിയമിച്ചു. ആ കമ്മറിയുടെ റിപ്പോർട്ടിന്റെ സാമാന്യരൂപം പിച്ചക്കാരന്റെ ചട്ടിയിൽ തീപ്പൊരി വാരിയിട്ടതുപോലെയാണു്. പാവപ്പെട്ട കുറഞ്ഞശമ്പളക്കാരുടെ ശമ്പളത്തെ വെട്ടിക്കുറച്ചു വലിയ ഉദ്യോഗസ്ഥന്മാർക്കു ശമ്പളം കൂട്ടിക്കൊടുത്തു. അതിനാൽ ഈ രാജ്യത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ആളുകൾ വലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തെ കുറയ്ക്കുന്നതിനു് കഴിവുള്ള എല്ലാ സഹായസഹകരണങ്ങളും ചെയ്യേണ്ടതത്യാവശ്യമാണു്. ഈ ൪൯ ഉദ്യോഗസ്ഥന്മാരിൽ ൨൦ ബ്രാഹ്മണരും ൧൫ നായരും ൬ യൂറോപ്യൻസും ൫ മറുഹിന്ദുക്കളും ൧൫ ക്രസ്ത്യാനികളും ഒരു ഈഴവനും ആണെന്നു് അറിയുമ്പോൾ ഉദ്ദേശം മുക്കാൽലക്ഷത്തോളംവരുന്ന ബ്രാഹ്മണർ, എത്രമാത്രം ഒരു വലിയ സംഖ്യ ശമ്പളമായി അപഹരിച്ചുകൊണ്ടുപോകുന്നുവെന്നു് കാണാവുന്നതാണു്. സമുദായപ്രാതിനിധ്യം പരിപൂർണ്ണമായ രൂപത്തിലല്ലെങ്കിലും സാമാന്യമായി അംഗീകരിച്ചിരിക്കുന്ന ഗവണ്മെൻറു് ഒരു സമുദായത്തിനു തന്നെ പബ്ലിക്കു് സർവീസിനെ കുത്തകയായി കൊടുത്തിരിക്കുന്ന കാര്യം ബ്രേക്കു് ചെയ്യേണ്ടതു് അത്യാവശ്യമാണു്.

മറെറാരുകാര്യം എനിക്കു് പറയാനുള്ളതു് ഇവിടത്തെ ഉദ്യോഗസ്ഥന്മാരുടെ അഴിമതിയെപ്പറ്റിയാണു്. ആ സംഗതിയിൽ ഏറെറവും പ്രധാനമായി പറയുവാനുള്ളതു് തിരുവനന്തപുരത്തുനിന്നും പുറപ്പെട്ടു

LIBRARY ARCHIVES Kerala Legislative Assembly

ഒരു പത്രത്തിൽ തിരുവിതാംകൂറിലെ ഏറ്റവും ഉത്തരവാദിത്വവും പ്രാധാന്യവും വഹിക്കുന്ന ഒരുദ്യോഗസ്ഥന്റെ ... ...

MR. V. K. VELAYUDHAN (*Ambalapuzha* cum *Shertala*) : അത് ഏതു ഉദ്യോഗസ്ഥനാണ്?

MR. K. R. NARAYANAN : ഡാക്ടർ കുഞ്ഞൻപിള്ളയെക്കുറിച്ചാണ് ഞാൻ പറയുന്നത്.

MR. P. K. KUNJU (*Quilon* cum *Kottarakara*): ഏതു പത്രത്തിലാണ് അങ്ങനെ കണ്ടത്?

MR. K. R. NARAYANAN : ലാറിൻകൃസ്ത്യൻ പത്രത്തിലാണ്.

ആ ഉദ്യോഗസ്ഥനെക്കുറിച്ച് കഠിനമായ ആക്ഷേപവും വിമർശനവും ചെയ്തിട്ടുണ്ടായിരുന്നു.

PRESIDENT : Order, Order. The honourable member before proceeding further with his remarks should make up his mind whether he will make himself responsible for the authority of allegations contained in any newspaper. Otherwise, I deprecate any such references.

MR. K. R. NARAYANAN: പത്രത്തേപ്പറ്റിപ്പറഞ്ഞുവെന്നല്ലാതെ മറുകാര്യങ്ങളെക്കുറിച്ചുനോക്കേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണ്. ഏതുവിധത്തിലെങ്കിലും ആക്ഷേപം വന്നുകഴിഞ്ഞ സ്ഥിതിക്ക് അതിനെപ്പറ്റി അന്വേഷിച്ചു വിവരം പൊതുജനങ്ങളെ അറിയിച്ചിരുന്നുവെങ്കിൽ ഇപ്പോഴും ഈ വിമർശനത്തിനു ഇടയാകുകയില്ലായിരുന്നു. അതു് ചെയ്യാത്തസ്ഥിതിക്കു ഒരു മൌനമായ അനുവാദമാണ് ആ സംഗതിയിൽ കാണുന്നതു്. ഇനിയും അതിലേക്കു സമയമില്ലാതെയില്ല.

PRESIDENT : It is possible that Government may think that some newspapers are not worth attending to.

MR. K. R. NARAYANAN: അങ്ങനെ ചെയ്തിരുന്നുവെങ്കിൽ പൊതുജനങ്ങളുടെ സംശയം പരിഹരിക്കാമായിരുന്നു.

ഈ വയസ്സ് കഴിഞ്ഞതിനുശേഷം അവർക്കു ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്ന കായ്യത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. രാമവയ്യാ ദിവാൻജിയായിരുന്ന കാലത്തു ഈ കായ്യം നിയമസഭയിൽ ആലോചനക്കു വരികയും കാലാവധി നീട്ടിക്കൊടുക്കുന്ന കായ്യം ഏതാണ്ടു് നിർത്തുകയും ചെയ്തിരുന്നു. ഏതൊരുദ്യോഗസ്ഥൻ ജനങ്ങളുടെ നിശിതമായ നിരൂപണത്തിന് പാത്രമാകുന്നുവോ ആ ഉദ്യോഗസ്ഥനെതന്നെ കാലാവധി നീട്ടിക്കൊടുക്കുകയാണ് ചെയ്തിട്ടുള്ളതു്. ഈ നയം പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു ഉപദ്രവകരവും തിരുവിതാംകൂറിലെ പബ്ലിക്സർവീസിന്റെ കാര്യക്ഷമതക്കു ഹാനികരവുമാണെന്നു പറയാതെനിവൃത്തിയില്ല. ഗവണ്മെന്റു ഉദ്യോഗസ്ഥന്മാർമൂലം തിരുവിതാം

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ക്രർ ഗവണ്മെൻറിന്വന്നിട്ടുള്ള നഷ്ടത്തിനു ഗവണ്മെൻറു അവരുടെമേൽ നടപടിനടത്തി ജനതാമദ്ധ്യത്തിലുള്ള തെറ്റിദ്ധാരണ പരിഹരിക്കേണ്ടതായിരുന്നു. പഞ്ചസാരക്കമ്പനിയിനത്തിൽ ഒന്നേമുക്കാൽ ലക്ഷംരൂപായും സ്റ്റേറുഎന്റിഡഡ് ബാങ്കു സംബന്ധമായി രണ്ടരലക്ഷം രൂപായും പള്ളിവാസൽ പദ്ധതിസംബന്ധിച്ചു മൂന്നുലക്ഷം രൂപായും ഗവണ്മെൻറിനു നഷ്ടം വന്നിട്ടുണ്ടു്. ഇതു ഉദ്യോഗസ്ഥന്മാരുടെ ദീർഘകാലത്തെ സൂക്ഷ്മമില്ലായ്മകൊണ്ടു വന്നിട്ടുള്ളതാണു്. ഇവിടത്തെ പൌരന്മാർ കരമായി കൊടുക്കുന്ന ഓരോ പൈസായും ചെലവുണ്ടാകുന്നതാണു് ലക്ഷക്കണക്കിനു ഇങ്ങനെ നഷ്ടമായിപ്പോകുന്നതു്. അതിലേക്കു കാരണക്കാരായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിച്ചു അവരെ താക്കീതു ചെയ്യാതിരിക്കുന്ന നയം വളരെ ആക്ഷേപാർഹമാണു്. മറ്റുള്ള ഉദ്യോഗസ്ഥന്മാക്കു് ഒരു മാതൃകയായിത്തീരത്തക്കവിധത്തിൽ കുറക്കാരെ കണ്ടുപിടിച്ചു അവരെ ശിക്ഷിച്ചു ആ വിഷയത്തിലുള്ള പൊതുജനങ്ങളുടെ സംശയം തീർക്കേണ്ടതു് ഗവണ്മെൻറിന്റെ അപരിത്യാജ്യമായ ഒരു ചുമതലയാണെന്നാണു് എനിക്കു പറയാനുള്ളതു്.

ഇവിടത്തെ ഭൂമിപതിപ്പിനെപ്പറ്റിയാണു് എനിക്കു് അടുത്തതായി പറയുവാനുള്ളതു്. തിരുവിതാംകൂറിൽ ജനസംഖ്യ ഇരുപത്തൊന്നു ശതമാനം വർദ്ധിക്കുന്നുണ്ടു്. എന്നാൽ കൃഷിസ്ഥലം ഒൻപതു ശതമാനം മാത്രമേ വർദ്ധിക്കുന്നുള്ളൂ. ഇരുപത്തൊന്നു ശതമാനം വർദ്ധിക്കുന്ന ജനസംഖ്യക്കു ഒൻപതുശതമാനം വർദ്ധിക്കുന്ന കൃഷിസ്ഥലം തീരെമതിയാകുകയില്ല എന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണു് എന്നാൽ ഈ രാജ്യത്തു കൃഷിക്കുകൊള്ളാവുന്ന അനേകം ഏക്കർ സ്ഥലം കാടായി കിടക്കുന്നുണ്ടു്. ഗവണ്മെൻറു ഭയവായി ആലോചിച്ചു ഈ കാടായിക്കിടക്കുന്ന സ്ഥലങ്ങളെ കൃഷിക്കായി പതിച്ചുകൊടുക്കേണ്ടതു് അത്യാവശ്യമാണു്. ഈ സംഗതിയിൽ ഗവണ്മെൻറു പ്രത്യേകം ഒരുകാര്യം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ധാരാളംഭൂമികഠം ഉള്ളവക്കു തന്നെയാണു് ഇപ്പോഠം വീണ്ടും ഭൂമി പതിച്ചുകൊടുക്കുന്നതു്. മൂലധനമുള്ളവക്കു അതിനെ വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറിൽനിന്നും സഹായം ചെയ്തുകൊടുക്കുന്ന ഈ സമ്പ്രദായം തീരെ നല്ലതല്ല. പാവപ്പെട്ടവരായി യഥാർത്ഥത്തിൽ ഈ രാജ്യത്തിന്റെ അഭിവൃദ്ധിക്കു നാരായവേരായ വേറെ കുറെയാളുകൾ ഇവിടെയുണ്ടു്. ആ സാധുക്കൾക്കു ഈ ഭൂമി പതിച്ചുകൊടുക്കണം. ഈ അവസരത്തിൽ പത്തു നായിരം ഏക്കർ സ്ഥലം പള്ളിവാസലിൽ അധീകൃതക്കായി പതിച്ചുകൊടുക്കുവാൻ നീക്കിവച്ചിരിക്കുന്നുവെന്നുള്ള കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ മറക്കുന്നില്ല. അതുപോലെ. ഈ രാജ്യത്തെ നിത്യവും അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടിരിക്കുന്ന അധ:കൃതവർഗ്ഗക്കാർക്ക് അനവധി ഏക്കർ സ്ഥലം പതിച്ചുകൊടുത്തു അവരേയും കൃഷിയേയും പ്രോത്സാഹിപ്പിക്കേണ്ടതു് അത്യന്താപേക്ഷിതമാണു്. പീരുമേട് ദേവികുളം മുതലായ സ്ഥലങ്ങളിൽ ഭൂമിപതിപ്പുകാര്യത്തിൽ ചില നിർദ്ദേശങ്ങൾ ചെയ്തതായി കാണുന്നുണ്ടു്.

ആ സ്ഥലങ്ങൾ മുമ്പു തമിഴർക്കു ഒരുപാവപ്പെട്ടു പതിച്ചുകൊടുത്തിരുന്നു. അതിനെക്കാൾ വളരെമോശമായ സ്ഥലങ്ങൾക്കു ഇപ്പോൾ ഒരു വസ്തുവിനു ഒരുപാകൊടുത്തു് നാട്ടുകാർ പതിച്ചുവാങ്ങേണ്ടി വന്നിരിക്കുന്നു.

അവസാനമായി യൂണിവേഴ്സിറ്റിയേയും ടാൻസ്പോർട്ട് പദ്ധതിയേയും കുറിച്ചാണു് എനിക്കു പറയുവാനുള്ളതു്. ഇവിടെ പല പ്രധാനപ്പെട്ട സ്ഥാപനങ്ങളും നടത്തിയ പരിചയം വച്ചുകൊണ്ടു ആലോചിച്ചാൽ, ഇതും ഒരു പരാജയപ്രസ്ഥാനംതന്നെയാണു്. ഈ പ്രസ്ഥാനത്തിന്റെ ഇതുവരെയുള്ള പ്രോഗ്രസ്സ്തന്നെ നിയമസഭയുടെ അന്തസ്സിലും അവകാശത്തിലും കൈകടത്തുന്നവിധത്തിലാണു്. യൂണിവേഴ്സിറ്റിയുടെ തത്വത്തോടു ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. എന്നാൽ യൂണിവേഴ്സിറ്റിയെന്ന പദമല്ലാതെ വേറെയാതൊന്നും ഇവിടെ കാണുന്നില്ല. ആ സ്കീമിന്റെ സാദ്ധ്യാസാദ്ധ്യതയെപ്പറ്റി അനുദ്യോഗസ്ഥന്മാരുമായിട്ടു ഒരു വിദഗ്ധാഭിപ്രായമറിയുമായി ആലോചിച്ചു അവരുടെ തീരുമാനം അറിയുന്നതിനുമുമ്പു ഇതിനെ മുന്നോട്ടു കൊണ്ടുപോകുന്നതു ശരിയാണെന്നു തോന്നുന്നില്ല. റബ്ബർകമ്പനി, പഞ്ചസാരക്കമ്പനി, സ്റ്റോറുകൾ, ഡയറക്ടർബാങ്ക് എന്നീസ്ഥാപനങ്ങളിലെ അനുഭവം വച്ചുനോക്കുകയാണെങ്കിൽ ടാൻസ്പോർട്ട് പദ്ധതിയും സ്വീകാര്യമായിരിക്കുമെന്നു തോന്നുന്നില്ല. ഈ വക വ്യവസായങ്ങൾ ജനങ്ങൾക്കു വിട്ടുകൊടുക്കുകയും മൂലധനം വളരെ വേണ്ടിവരുന്ന വ്യവസായങ്ങൾ ഗവൺമെന്റു നടത്തുകയും ചെയ്യുന്നതാണു് നല്ലതു്. എക്സൈസ് വകുപ്പിനെപ്പറ്റി രണ്ടുവാക്കു പറയാനുണ്ടു്. ഇവിടെ വ്യാജപ്പുകയില കടത്തുന്നവിഷയത്തിൽ പൊതുജനങ്ങളുടെ ഉത്സാഹം ഏതോ ഒരു രൂപത്തിലുണ്ടെന്നു ബഡ്ജറ്റ് പ്രസംഗത്തിൽ കാണുന്നുണ്ടു്. അതു തീരെ ശരിയല്ല. വ്യാജപ്പുകയിലയെ തടയുന്നതിലേക്കു ചില പദ്ധതികൾ എക്സൈസ് കമ്മിഷണർ നിർദ്ദേശിച്ചിരിക്കുന്നതായി കാണുന്നു. വ്യാജപ്പുകയിലയെ തടയുന്നതിനു പൊതുജനങ്ങളുടെ സഹായം ലഭിക്കുന്നില്ലെങ്കിൽ ആ ഡിപ്പാർട്ടുമെന്റു് ലക്ഷ്യത്തിൽ പൊതുജനങ്ങളോടൊ പൊതുജനസ്ഥാപനങ്ങളോടൊ സഹായസഹകരണങ്ങൾ അഭ്യർത്ഥിപ്പാടാമായിരുന്നു. കോട്ടയം, കൊല്ലം ഈ താലൂക്കുകളിൽ ചക്കര

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ചെത്തുന്നതിനുള്ള ലൈസൻസ് കൊടുക്കേണ്ടതു് അത്യാവശ്യമാണു്. അങ്ങനെ ചെയ്താൽ തിരുവിതാംകൂറിലെ കുടിൽവ്യവസായം വളർച്ചപ്രാപിക്കുമായിരുന്നു. വ്യാജപ്പുകയില കടത്തുന്നതുകൊണ്ടു ഗവണ്മെൻറിനു വളരെ നഷ്ടം സംഭവിക്കുന്നുണ്ടെന്നുള്ളതു ശരിയാണു്. അതിലേക്കു നിരപരാധികളായ ആളുകളേയുമാണു ഇപ്പോൾ ഉപദ്രവിച്ചുവരുന്നതു്. അതിനെ തടയാൻ മുമ്പു ചില ഡിപ്പാർട്ടുമെൻറു ഉദ്യോഗസ്ഥന്മാർ നിർദ്ദേശിച്ചിട്ടുള്ളതുപോലെ കമ്പിവേലി ഇടണം. വേലിക്കുപകരം ഇപ്പോൾ അവിടെ എങ്ങോട്ടും നുഴഞ്ഞുകേറത്തക്ക ഒരു ഇല്ലിക്കോട്ടയുണ്ടു്. കോട്ടക്കു് സമീപമായി ഒരു നിക്ഷേപഗൃഹവുമായ കിടങ്ങുമുണ്ടു്. ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ ഈ സ്ഥലം സന്ദർശിച്ചു കള്ളപ്പുകയിലയെ തടയുന്നതിലേക്കു വേണ്ട പദ്ധതികൾ ജനങ്ങളുമായി ആലോചിച്ചു് കണ്ടുപിടിച്ചു് നടപ്പിൽ വരുത്തേണ്ടതു് അത്യാവശ്യമാണു്. അതിനാൽഫിനാൻഷ്യൽസെക്രട്ടറിയുടെ പട്ടണപരിഷ്കരണഭാഗത്തിലുള്ള ബഡ്ജറിനെക്കുറിച്ചു എനിക്കുള്ള അനുകമ്പാപൂർവ്വമായ അവജ്ഞയെ രേഖപ്പെടുത്തിക്കൊണ്ടു എൻറെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

MR. C. JEBAMONY NADAR (*Kalkulam cum Vilavankod*) : Sir, in view of the fact that 54·3 per cent. of the population of our State subsist by agriculture, I thought that, at least, one half of the speech of the Financial Secretary, would be devoted to that aspect. I also thought that a major portion of the amount would be so budgeted as to be utilised to ameliorate the wretched condition of the agriculturists of the State. I was sadly disappointed. The budget contains a list of the assets and liabilities, but to me it appears the best asset that a State must fare should be the ability of the ryots to pay tax. In order that there might be capacity on the part of our people to pay, their economic condition should be satisfactory. The Financial Secretary says, that there was better collection in the matter of land revenue. I should think that it is misleading. For we find from the Administration Report of the Revenue Department that about 800 acres of wet lands were sold during the last year. 2,000 odd acres of dry land also were sold. From the census report we find that the average wet land per head of population in this State is only 12 cents.

(At this stage Mr. T. M. Varghese, Deputy President, occupied the Chair.)

MR. C. JEBAMONY NADAR : The average dry land is 31 cents. Now if we calculate on these figures, nearly 7,000 people have lost their wet lands and an equal number their dry lands. As was suggested by one honourable member the number of demand notices issued has increased tremendously. That shows that the capacity of the ryot to pay has gone very low. It requires no more evidence than a perusal of the Government gazette. Week after week agricultural holdings are advertised for sale and that occupies so many pages of the gazette. That

LIBRARY ARCHIVES Kerala Legislative Assembly

shows the deplorable condition of the people. I may even say that the ryot is almost nearing a position of extinction. If the holdings are to be sold at this rate, *i. e.* lands of 20,891 ryots in one year, where will we be? I think we will have to be in a region of no land. If this be better collection according to the Financial Secretary, I fail to see what he means. Of course, it would be readily conceded by all that the capacity to pay is one of the canons of taxation. From these facts it would be seen that there is absolutely no capacity on the part of our ryots to pay tax. This real hardship could not be tolerated any further. What is the position with reference to South Travancore?

Before the Kodayar Project was started lands especially in Kalkulam and Vilavankod were mostly dry gardens, containing trees of various kinds such as tamarind, jack, mangoes, palmyrahs etc. Tax was imposed not only on the land but also on trees. When these lands are converted, trees had to be cut down. Unfortunately the Proverthicars imposed a water-cess of Rs. 7 per acre. So people had to pay tax for the land, for the trees cut down and for water. This year nature also had been unkind. Monsoon failed. Hence cultivation cannot be raised. There is no provision for remission of tax in the Revenue rules. Remission is allowed only if after having cultivated the cultivation dries up. Under this circumstance alone people are eligible to get remission. It means this. The people have to pay tax for the land, for the trees cut down as well as for water which they can't get. That appears to be a hard position and I submit it for the serious consideration of the House Such a state of affairs has to be remedied. It is such money that goes to make up the assets of our budget. Unless the Government come to the rescue of the poor ryots, misery will reign supreme in South Travancore. If tax remissions are to be granted it may be asked then, where is the source to make up that. The Financial Secretary has grown religious in his speech and sticks on to his orthodox canon and as such I wish that his prediction of a surplus of 2 lakhs odd would come to pass. Of course, he has got the magical touch. I am more for food than for gold. I want something to eat than something to enjoy. The Financial Secretary says that we will have a surplus. He is also confident that he would be able to collect about Rs. 10 to Rs. 20 lakhs under tobacco and is confident of it. Therefore there are sufficient sources of other revenues. There is still another source as was suggested by some of the honourable members. I have also to say a word on that matter of cutting down the salary of our officers. The Financial Secretary has ignored one important aspect and that is this. In the matter of pay, the contribution has to come from the tax-payer. What was Rs. 5 to him some time ago is now something different from it. The value of money at present is not the same as it was some time ago. Say the ryot has to pay Rs. 10 as tax whether he gets yield from his land or not. At present he finds it difficult to get even a pie. On the other hand the Officer who received a certain amount as salary some years ago receives the same amount even now. In the matter of payment to officials it is something unlike purchase and sale. That must also correspond to the prevailing rates of prices. So there must be some kind of adjustment between what they received and what they receive now. I would

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. Jabamony Nadar]

urge for the serious consideration of this House the cutting down of the pay of officers. Of course, we take precedents of other countries. There is the example of British India in this connection where the offer comes spontaneously from the ministers. They agree to receive a lesser amount than some of their subordinate officers. This shows that there is a fit case for cutting down salaries. The Financial Secretary referred to the revenue under 'income tax' and 'tobacco'. I think the blame is not on the people but on the officials. The Financial Secretary asked for the co-operation of the legislature and the Public. He did not ask for co-operation of his fellow-officers. His speech clearly shows that there is leakage of revenue. If so, the definite cause has to be ascertained. He indicates that revenue to the extent of Rs. 10 to 20 lakhs is lost. I ask Government to find out the persons responsible for it. Why should the innocent ryot be taxed further? It is my humble opinion that the officers who are responsible for leakage in revenue must either be incompetent or dishonest or might not have co-operated in some way or other. The amount being very heavy there is a proper case for investigation into the conduct of those officers.

Regarding the Medical Department there appears to be some scandal. There is much scandal about the clerk and peon accompanying him. It appears that the Darbar Physician is spending a lot of his time in the T. B. If the departmental heads spend public money for such purposes I do not know how far they can discharge their responsible duties. Such officers are not to live comfortably in the traveller's bungalows and while away their time.

MR. K. NARAYANAPERUMAL NADAR: May I ask the member his authority for the statement.

MR. C. JABAMONY NADAR: I know it as a matter of fact. The Darbar Physician merely enters into the Hospital and spends a few minutes there, then all the major portion of the time is spent in the T. B.

Then I pass on to another remark of the Financial Secretary. I refer to the cracks.

MR. M. SIVATANU PILLAI: What does the member mean by 'cracks'?

MR. C. JABAMONY NADAR: I refer to certain cracks in buildings in the Pallivasal Electric Scheme and the dams in our State. It is a fact that we are paying very dearly for the experts especially in the P. W. D. Pachipara dam is being repaired every year, so to say, in the matter of cracks. There is some kind of boring and filling up the cracks with cement. As was pointed out by one of the honourable members, I think the Government must take very serious action against their officers who are responsible for such a state of affairs.

Regarding public gardens I would like to add a word. We are paying very heavily for it also. Unfortunately the garden is very often closed so that people cannot have a look at it. I do not know the reason for it. As such that is also a matter regarding wich I believe the officer concerned would see whether he could not make the gardens available for public sight seeing.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT : Your time is up.

MR. G. P. NILAKANTA PILLAI (*Karunagapalli* cum *Kartikapalli*): Sir, I wish to offer at the outset, my sincere congratulation to the Financial Secretary for his very able exposition of our State finances, though I could not persuade myself to agree with the concluding portion of his statement that the financial condition of our State is absolutely stable and sound. The total booked assets of our State at the close of the next year are estimated to amount to Rs. 509·02 lakhs. That includes, investments in guilt edged securities, general reserve fund, sinking fund, and other investments on remunerative schemes. Our liabilities are estimated to be at Rs. 393·40 lakhs. The difference between these is 115·62 lakhs. It is made up of general reserve fund, sinking fund and the Government balance amounting to about 40·13 lakhs. That also includes, according to the Financial Secretary 146·6 lakhs of rupees which has to be invested on remunerative schemes at the close of next year, so much so, the Financial Secretary is forced to withdraw from the current balance an amount to the extent of 30·98 lakhs. He also says that the State has committed itself to an expenditure of 70 lakhs of rupees for works in progress in the next year. That is our financial liability. Liability exceeds to the extent of 30·98 lakhs at the close of next year. To this is to be added our funded debts which comes to about 110·89 lakhs. You can calculate for yourself that the liability then goes to more than about 141 lakhs exceeding the assets. Our financial position is really alarming. The only safety for us then is to resort to a scrupulous retrenchment of the expenditure of the State and also to increase the capacity of the people in the matter of tax payment. How is that position to be achieved? As the Dewan observed in his address at the Joint Session it is true that the position of the Agricultural population has to be improved. But I looked in vain in the budget for a tangible amount being allotted for the uplift of the agricultural population.

DEPUTY PRESIDENT : The Assembly will now adjourn.

The Assembly adjourned at 1 P. M. for lunch and reassembled at 2 P. M. with the Deputy President in the Chair.

DEPUTY PRESIDENT : Mr. G. P. Nilakanta Pillai was on his legs when the House adjourned for lunch. He will have another 10 minutes more to his credit.

MR. G. P. NILAKANTA PILLAI: The majority of the population in Travancore are sunk into indebtedness. The scheme of debt conciliation is quite inadequate to the purpose of relieving the people of their burden. A well thought out plan for the amelioration of the agriculturists must be undertaken. Under the present circumstances only the Co-operative Societies can do it. If the Government could find sufficient funds to organise Panchayats it would have been better. Therefore through the co-operation of Co-operative Societies the work of rural reconstruction could be done. I did not find in the speech of the Financial Secretary any reference to the agricultural and industrial

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. P. Nilakanta Pillai.]

bank, referred to in the speech of the Dewan, for the redemption of the ot of the agriculturists. By a well thought out work of rural reconstruction alone could the condition of the peasants be improved.

MR. K. G. KUNJUKRISHNA PILLAI (*Neyyattinkara* cum *Trivandrum*): Has not the rest of the House a right to hear what the honourable member says?

DEPUTY PRESIDENT: Certainly.

MR. G. P. NILAKANTA PILLAI: I could not be more audible. I think those members who attend to me closely can hear me and as I proceed I shall try to be louder.

I was saying Sir, by rural reconstruction work alone, the moral, economic and physical condition of the peasants can be improved. In this connection when I speak of the improvement of the morality of the people, I have to refer to an observation made by the Excise Commissioner in his administration report that the present method adopted to achieve the declared goal of the Government, that is the goal of prohibition, is quite inadequate and I am sorry that neither the Financial Secretary in his speech nor the Dewan in his address has said a word to improve the methods or to find out other methods for achieving that goal of the Government. It is highly necessary because it is one of the drainage of the poor ryots. I am very glad to say that the Government are very earnest in the matter of interesting people in agriculture, trade and industry. They have conceded that at least in words. Our system of education is defective. It makes our people that go out of schools and colleges averse for agriculture, trade and industry; and a drastic change has to be effected in our educational system. A change has to be made adapted to our culture, our traditions and our interests. For that we have to build our foundation in our primary and secondary schools.— At the same time, I am not at one with the Government that a University should be established at present because I think under the circumstances we have to go on a line with the educational system obtaining in other parts of India. I am also not in agreement with the view of the Financial Secretary and the Dewan in their policy of taking over commercial concerns from private individuals. By experience we have learned that commercial undertakings by Government are not profitable. There is now a proposal to take the transport of the State under the direct control of the Government. Transport may be a primary necessity to the people and may be a thing that should be directly kept under the watch of the Government. But, food is more a primary necessity to the people than transport. Education is so, agriculture is so and industry also is more a primary necessity of the people. To take all these necessities of the people under the direct control of the Government, I do not think, is advisable.

LIBRARY ARCHIVES Kerala Legislative Assembly

DEPUTY PRESIDENT: : The member has got only two minutes at his disposal.

MR. G. P. NILAKANTA PILLAI: I am a believer in private enterprise and I am against State socialism. Only when we run our Government on the line of the Russian Government have we any right to stifle private enterprise?

I oppose the University scheme and the transport scheme on another ground as well. The function of this House is to discuss about the policy or the schemes that are inaugurated by the Government and sanction the necessary amount to carry them out. But in this particular case no scheme has been placed before this House. The report of the University Committee or the Transport Committee has not been placed before the public or this House for criticism. We had no time to study the subject. The Government has considered these schemes as accomplished facts and they have come to us for registering their decrees. I enter my emphatic protest against this policy of Government and I am of opinion that it is really an insult done to us.

DEPUTY PRESIDENT: The member has covered the time allotted for him.

MR. G. P. NILAKANTA PILLAI: Just a minute more.

I request Government that they may respect the sentiments of this House and follow a more democratic method in future. From the financial point of view also in spite of the optimistic observation of the Financial Secretary that the magic wand of the Dewan could convert everything that he touches into gold, I have my own fears in the realisation of his hopes and I think we are not in a position financially to launch on these schemes. I would also at the same time request the Financial Secretary to remain here until his hopes are realised and his schemes are worked out without going to Orissa.

MR. PULIYOOR T. P. VELAYUDHAN PILLAI (*Tiruvalla*): Sir, the budget presented to us by the Financial Secretary is no doubt, a surplus Budget. A surplus budget is ordinarily understood to indicate a period of prosperity. But this criterion is not at all applicable to a country like Travancore where the elastic sources of revenue are very much limited and where the creation of a surplus budget is ordinarily the outcome of a suitable adjustment of the programme of expenditure or of the withdrawals of the required amounts from the already constituted reserve or surplus investments. It is my firm conviction that the Government deserve to be congratulated on the inauguration of the laudable schemes such as the Travancore University scheme the Commercial Transport Scheme and the scheme for the prevention of the smuggling of tobacco. Of course, the success of these schemes depends entirely upon the system of their working. But in bringing the Commercial Transport Scheme, I submit that the Government should take the utmost care to see that the public are not put to any additional difficulties, inconvenience and losses. It is hoped that the Government will be pleased to invite the constructive criticism, if any, both from

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai.]

the public and the Legislature on the reports to be submitted by the committees appointed for the purpose and will decide the line of work only in the light of such criticisms.

Sir, a very sad feature of the budget for the next year is that the Financial Secretary has not devoted a deserving attention to the growing needs of the common people of the State. Even though the budget provides for an expenditure charged to revenue of a sum of Rs. 246·88 lakhs, the amounts allotted for the construction of new roads, and bridges and culverts in the whole State are respectively Rs. 72,360 and Rs. 12,000. This time last year many of the Honourable Members on this side of the House tried their level best to impress upon the attention of the Government the indisputable necessity for making liberal provision for the improvement of the means of communication in rural areas. But it is extremely disappointing that the Government probably, due to its anxiety to explore means to launch upon costly schemes have to the utter disregard of the manifold difficulties of the suffering millions of the villages completely neglected to comply with this modest and repeated request of the representatives of the tax-payers.

To cite an instance, Sir, I would submit that for the last 4 years I have been urging upon the attention of Government the urgent necessity for the sanction of a junghar service at the Ittinayarkadavu (ഇട്ടിനായർകടവു) in my constituency on the Chengannur—Mannar road. The Government did not care to redress this long-felt grievance of the public. I expect that in future the Government will be pleased to pursue a definite policy in regard to improvement of the means of rural communication and will give an assurance to this House on this very important matter.

Now coming to the general policy of the Government I am constrained to make certain observations. In the first place I wish to mention that the treatment given to the Legislature by the Government is not as satisfactory as it should be. Many of the resolutions and cut motions passed in this House are not given effect to by Government. Resolutions passed in this House for the immediate removal of the half a rupee cut in the grant of private school teachers and the resolution passed in this House for the immediate abolition of export duty on cocoanut products and the cut motions passed in this House for the immediate abolition of the office of the Game Warden are only a few examples of this nature. Sir, large amounts have been annually spent by Government without the sanction of the Legislature by virtue of the power vested in the Dewan under Section 32 of the Legislative Reforms Regulation. My submission is that no votable scheme of any nature however beneficial it may be, should be decided upon by Government without consulting the Legislature. I am at a loss to understand why the C. I. D. Reform was given effect to in the middle of the year without consulting the Legislature. By this I hope I will not be misunderstood as stating that such schemes inaugurated by Government without consulting the Legislature are all defective in nature. The very extraordinary powers under Section 32 vested in

LIBRARY ARCHIVES Kerala Legislative Assembly

the Dewan must be used very sparingly and only at times of very great crisis. Many of the honourable members brought to the notice of Government the desirability of giving an opportunity both to the public as well as to the Legislature to expresss their views on the report of the Franchise and Delimitation Commissioner appointed by the Government, before the final orders have been passed on the same. The Government did not at all care to pay any heed to the legitimate representation of the representatives of the people and consequently all concerned have fully realised the ruinous effects of the wonderful multi-member constituency and the reservation. Sir, I would very strongly warn the Government that it is necessary in the interest of communal harmony and the general prosperity of the State that Government should make the necessary changes in the constitution as was wisely and graciously promised by the Head of the Administration on more than one occasion. The unwieldy multi-member constituency should be split up into convenient groups and a minimum number of votes should be prescribed even for a candidate belonging to the Reservation Communities.

MR. E. P. VARGHESE: Sir, on a point of order. May I know whether it is proper for a member to discuss constitutional reforms of the Legislature on the floor of this House?

DEPUTY PRESIDENT: You can say that.

MR. PULIYOOR T. P. VELAYUDHAN PILLAI: The unwieldy multi-member constituency so split up into convenient...

DEPUTY PRESIDENT: If the member wants to discuss on the constitution of the Assembly and the Council it is better he stops. And no further reference to that may be made.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, there is a very strong public opinion that all the agriculturists in the State should be enabled to enjoy the benefits that arise out of the conciliation proceedings. Government have now established about eight Conciliation Boards in the State and the territorial jurisdiction of such boards embraces only a very few pakuthies. If the real intention of the Government is to confer any benefit on the agriculturists I would submit that it is highly necessary that officers like Munsiffs and Tahsildars must also be empowered to exercise the powers of the Conciliation Officers in addition to their own duties and responsibilities. I am sure that no useful result will accrue out of the present system unless the whole question of the agricultural debt redemption is tackled in a spirit of adequate sympathy.

Another important matter which I wish to bring to the notice of Government is in regard to the immediate abolition of the system of collecting market tolls in the State. Sir, the troublesome burden arising out of this cursed system is entirely borne by the poor section of the agriculturists who go to the markets with head-loads of their agricultural produce. The rich people will conveniently store their agricultural produce in their homes and the purchasers will have to go there

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai]

for making their purchase. The income that is anticipated by Government to derive from this source is only very meagre and nominal so far as the Government is concerned. And the suffering of the poor public on this account is rather inexplicable. So long as this system of collecting market tolls exists in our State I would even venture to submit that Travancore does not deserve to maintain the most ancient and traditional name of Dharma Rajyam.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*) : സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറ് അവർകൾ ആദ്ധ്യക്ഷം വഹിച്ചിരിക്കുന്ന ഈയവസരത്തിൽ ഈ നിയമസഭയുടെ കാൺസ്റ്റിറ്റ്യൂഷൻ മൂലായ സംഗതികളെ വിമർശിച്ചു സമുദായ ഭിന്നിപ്പു വരുന്നതായ ചില സൂചനകളും പ്രാദേശികങ്ങളായ താൽപ്പര്യങ്ങളും മറ്റും ചില മെംബറന്മാരുടെ വിമർശനങ്ങളിൽ ഉണ്ടായിരുന്നിട്ടും അവയെല്ലാം നീക്കി ശുഭകരമായ ഒരു തോതിൽ ഇവിടത്തെ വാദപ്രതിവാദങ്ങൾ ഡെപ്യൂട്ടിപ്രസിഡൻറ് അവർകൾക്കു കൊണ്ടുപോകാൻ കഴിയുമെന്നുള്ള വിശ്വാസത്തോടും അങ്ങിനെ ഉണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുംകൂടിയാണ്. ഞാൻ ഇപ്പോൾ എന്റെ ചിലവാദങ്ങളെ പുറപ്പെടുവിക്കുവാൻവിചാരിക്കുന്നത്. തിരുവിതാംകൂറിനെ ദക്ഷിണതിരുവിതാംകൂർ ഉത്തരതിരുവിതാംകൂർ എന്നു വിഭാഗിച്ചു കിട്ടുന്നതോ അല്ലെങ്കിൽ വ്യക്തിപരമായ താൽപ്പര്യങ്ങൾക്കു വേണ്ടിയുള്ള ഏതെങ്കിലും പ്രക്ഷോഭണങ്ങൾ നടത്തുന്നതോ കൊണ്ടു തിരുവിതാംകൂറിലെ പൗരാവലിക്കു ഉപകാരപ്രദമായ യാതൊന്നും തന്നെ ഉണ്ടാകാൻപോകുന്നില്ല. ഇന്നേ ദിവസം നമ്മുടെ ഒരു പ്രധാന ഉദ്യോഗസ്ഥന്റെ പേരിൽ ഒരു പത്രപംക്തിയിൽ കണ്ടതായ സംഭവത്തെപ്പറ്റി എന്റെ ഒരു ബഹുമാന്യസ്നേഹിതൻ ഇവിടെ പറയുകയുണ്ടായല്ലോ. അപ്രകാരം ഉള്ള സംഗതികൾ ഈ മാതിരി ബഡ്ജറിന്മേൽപ്പറ്റി വിമർശനം നടത്തുന്ന ഒരവസരത്തിൽ കൊണ്ടുവരുന്നതു പൊതുവേ നന്നായിരിക്കയില്ല എന്നുള്ള എന്റെഅഭിപ്രായത്തെപ്രകടിപ്പിച്ചുകൊണ്ട് വിഷയത്തിലേക്കു പ്രവേശിച്ചുകൊള്ളട്ടെ.

MR. PULIYOOR T. P. VELAYUDHAN PILLAI : ആ പത്രപ്രവർത്തകന്മാരുടെ സമുദായക്കാർതന്നെ ആ പത്രത്തെബഹിഷ്കരിച്ചിട്ടുള്ളതായിമെംബർക്കറിയാമോ?

MR. T. C. KESAVA PILLAI : അറിയാൻപാടില്ല.

MR. K. R. NARAYANAN : ദക്ഷിണഭാരതിയിൽ ഒരു ഉദ്യോഗസ്ഥനെക്കുറിച്ച് പ്രസിദ്ധപ്പെടുത്തിയ ഒരു പ്രസ്താവനക്കു നടപടി നടത്തിയതായിഅറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI : അനേകംപേരെപ്പററി ആ പത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ചിലരുടെ പേരിൽ നടപടികഠം നടത്തിയിട്ടുമുണ്ട്.

MR. PULIYOOR T. P. VELAYUDHAN PILLAI : Sir, I rise to a point of order. May I know whether the member is in order when he makes reference to another paper which is not at all referred to by the member who is in possession of the House.

MR. N. JOHN JOSEPH (*Nominated*) : ലാറിൻകുസ്ത്യാൻ എന്നപത്രം ലാറിൻ കുസ്ത്യാനികഠം ആരുംതന്നെ വായിച്ചുകൂടാ എന്ന നിരോധനാജ്ഞ കൊടുത്തിട്ടുള്ളതായി അറിയാമോ?

MR. T. C. KESAVA PILLAI : സർ, എനിക്കനുവദിച്ചിട്ടുള്ള സമയം വളരെ കുറച്ചേയുള്ളൂ. അതിനാൽ ഇതിനു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

DEPUTY PRESIDENT : All references to Latin Christians and all questions of acceptability or otherwise of the views of certain papers are irrelevant to the discussion at hand. The honourable member will please go on.

MR. T. C. KESAVA PILLAI : ഫിനാൻഷ്യൽ സെക്രട്ടറി അവർകളുടെ ബഡ്ജറ്റ് പട്ടണങ്ങളെ പരിഷ്കരിക്കുന്നതിനുദ്ദേശിച്ചും തിരുവിതാംകൂറിനു വെളിയിൽനിന്നും ഇവിടെ സുഖമെടുക്കാൻ വരുന്ന ആളുകളെ ഉദ്ദേശിച്ചും സുഖലോലുപന്മാരായി ജീവിക്കുന്ന ഉദ്യോഗസ്ഥന്മാരെ ഉദ്ദേശിച്ചും ചില കമ്പനിക്കാരെ ഉദ്ദേശിച്ചും മറും ആണ് തയ്യാറാക്കിയിരിക്കുന്നതെന്ന് തോന്നുന്നു. ആ ബഹുമാന്യസ്നേഹിതൻ ദിവാൻജിയുടെ പ്രസ്താവന അനുസരിച്ചാണ് ബഡ്ജറു തയ്യാറാക്കിയിരിക്കുന്നതെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ തന്നെ പറഞ്ഞിരിക്കുന്നതുകൊണ്ട് ഇതിൽ ഞാൻ അദ്ദേഹത്തെ കുറപ്പെടുത്തുന്നില്ല. വിളവംകോട്, കൽക്കുളം എന്നീ താലൂക്കുകളിലെ ജലവിതരണപദ്ധതികഠംക്കായി മൂവായിരത്തഞ്ഞൂറു രൂപ ബഡ്ജറിൽ കൊള്ളിച്ചിട്ടുള്ളതിനു നന്ദിപറഞ്ഞുകൊള്ളുന്നു. വനം വകുപ്പിൽ ചില കെട്ടിടങ്ങഠം കെട്ടുന്നതിനും കുടിവിനോദബോട്ട് നിർമ്മിക്കുന്നതിനും പ്രക്ഷേപിണികഠംക്കും പള്ളിവാസൽ സ്കീമിനും കന്യാകുമാരിയിൽ കുളിക്കാനുള്ള സൗകര്യങ്ങഠം ഉണ്ടാക്കുന്നതിനും മറും കൊള്ളിച്ചിരിക്കുന്ന തുക കഴിച്ചാൽ ബാക്കി കാര്യങ്ങഠം സ്വീകാര്യങ്ങളാണ്. താഴ്ന്ന ജീവനക്കാർക്കു ശമ്പളക്കൂടുതൽ കൊടുക്കുന്നതിനുള്ള തുക കൊള്ളിച്ചതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. കർഷകരുടെ ആവശ്യങ്ങഠം ഒന്നുംതന്നെ ഈ ബഡ്ജറിൽ കൊള്ളിച്ചിട്ടില്ല. അദ്ദേഹം മനസ്സിരുത്തി ഒന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai]

ക്കുടി ആലോചിച്ച് ബഡ്ജറ്റ് തയ്യാറാക്കിയിരുന്നെങ്കിൽ ഇത്രമാതിരിവരുകയില്ലായിരുന്നു. കർഷകരുടെ ഋണബാദ്ധ്യതയെ കുറയ്ക്കുന്നതിനും ഭൂസ്വത്തുജാമ്യബാങ്ക് കൂടുതൽ ഉണ്ടാക്കുന്നതിനും അവയെ വിപുലപ്പെടുത്തി കർഷകരെ സഹായിയ്ക്കുന്നതിനും ഗവണ്മെൻറ് വേണ്ടത്ര ശ്രദ്ധചെലുത്തിയിട്ടില്ല. കൃഷിക്ക് ഉപകാരമാകത്തക്കനിലയിൽ ജലസേചന പദ്ധതികളും വിപുലപ്പെടുത്തുന്നതിനും ഗവണ്മെൻറ് ഒരുങ്ങുന്നതായി കാണുന്നില്ല. പെരിയാർ റിസർവ്വായർ പെരുംചാണി റിസർവ്വായർ തരുവപ്പ റിസർവ്വായർ മുതലായ റിസർവ്വായർകളും നന്നാക്കിയും വേറെ കുളങ്ങളും നിർമ്മിച്ചും ദക്ഷിണതിരുവിതാംക്കൂറിലെ കർഷകരെ സഹായിക്കുവാൻ കഴിയുന്നതാണ്. അതിലേക്കുള്ള യാതൊരു നിർദ്ദേശങ്ങളും ഈ ബഡ്ജറ്റിൽ കൊള്ളിച്ചു കാണുന്നില്ല. അതിന് ചീഫ് എൻജിനീയരെ കഠിനമായി ശിക്ഷിക്കണമെന്നു ഞാൻ പറയുന്നു. കുളംവെട്ടു സംബന്ധിച്ച് അദ്ദേഹം ഒരു വലിയ അബദ്ധം കാണിച്ചിട്ടുണ്ട്. ഫവ ഠ ഇഞ്ചുമഴയുള്ള പറവൂരിനേയും നു ഇഞ്ചു മഴയുള്ള കുളച്ചലിനേയും ജലസേചനവിഷയത്തിൽ അദ്ദേഹം ഒരേരീതിയിൽ പരിഗണിച്ചതു ഒരിക്കലും ശരിയായില്ല. കൂടുതൽ കുളങ്ങളും തെക്കൻതിരുവിതാംക്കൂറിനു അനുവദിക്കണം. കോതയാർപദ്ധതിയ്ക്കു എത്ര രൂപ ചെലവാക്കി. ഇപ്പോൾ അതിൽ വെള്ളം ഉണ്ടോ? ഉണ്ടെങ്കിൽ എത്രയുണ്ട? എന്നും മറ്റും വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് അണ്ടതോറും അദ്ദേഹം തയ്യാറാക്കി അതു് ഒരു ക്യാപ്പിറൽ എക്സ്പെൻറിച്ചർ ആയതുകൊണ്ടു അതു നയം തുടരേണ്ടതായിരുന്നു. മേലാലെങ്കിലും അതുമാതിരി കാര്യങ്ങൾക്കു കഴിവുള്ളത്ര വിവരങ്ങൾ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കോതയാർപദ്ധതി പൂർത്തീകരിച്ചും ചാനലുകൾ ഉറപ്പിച്ചും ദക്ഷിതിണതിരുവിതാംക്കൂറിലെ ഇറിഗേഷൻ പദ്ധതിയെ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ അദ്ദേഹം പ്രത്യേകം നിഷ്കർഷിക്കണമെന്നു് എൻെറ നിയമസഭയിലെ ഒരു വോട്ടിൻെറ ശക്തിയായ അവകാശത്തെ മുൻനിർത്തിക്കാണിച്ചുകൊണ്ടു് ഞാൻ അദ്ദേഹത്തോടു ആവശ്യപ്പെട്ടുകൊള്ളുന്നു. നിയമസഭയിൽ മെംബറന്മാർക്കുള്ള അവകാശങ്ങൾ എത്രയുണ്ടെന്നു എനിക്കറിയാൻപാടില്ല. വടക്കൻതിരുവിതാംക്കൂറിൽ റോഡുകൾ കുറവാണെന്നും തെക്കൻതിരുവിതാംക്കൂറിൽ കൂടുതലാണെന്നും ചിലർ ഇവിടെ പറയുകയുണ്ടായി. വടക്കൻതിരുവിതാംക്കൂറിൽ ധാരാളം ജലമാർഗ്ഗങ്ങൾ ഉള്ളതുകൊണ്ടു് വള്ളങ്ങൾവഴിയായും മറ്റും ഉള്ള ഗതാഗതങ്ങൾക്കു് അവി

LIBRARY ARCHIVES Kerala Legislative Assembly

ടെ ക്ലൂടുതൽ സൗകര്യം ഉണ്ടെന്നുള്ളതു് അവർ ഓർക്കേണ്ടതാണു്. പ്രാദേശികങ്ങളായ പ്രാതിനിധ്യം ഉദ്യോഗവിതരണത്തിൽപോലും ഉണ്ടായിരിക്കണമെന്നുള്ള പ്രക്ഷോഭണം ഇവിടെ വന്നിട്ടുണ്ടു്. തെക്കൻ തിരുവിതാംക്കൂറിലേക്കു തെക്കൻ തിരുവിതാംക്കൂർകാരായ ഉദ്യോഗസ്ഥന്മാരെ മാത്രം നിയമിക്കേണ്ടതിന്റെ ആവശ്യം ഇപ്പോൾ—ഈ പ്രസംഗം കേട്ടപ്പോൾ—എനിക്കു തോന്നി. ഇതെല്ലാം ആവശ്യമില്ലാത്ത പ്രസ്താവനകളാണു്. ഇങ്ങിനെ വേർതിരിച്ചെണ്ണുന്ന യാതൊരു സംഗതികളും ഇന്നുമുതൽ ഉണ്ടാകരുതെന്നുള്ള ഒരപേക്ഷയാണു് ഡെപ്യൂട്ടി പ്രസിഡന്റവർകൾ ആധ്യക്ഷ്യം വഹിച്ചിരിക്കുന്ന ഈയവസരത്തിൽ എനിക്കു ചെയ്യുവാനുള്ളതു. റിലിജിയസ് എൻഡോമെൻറ് ആക്ടു് പാസായിട്ടു് ഇപ്പോൾ നാല വർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരെ ലാമെമ്പർ അവർകൾക്കു് അതിനു ചട്ടത്തിൽ നിർദ്ദേശിക്കുംപ്രകാരമുള്ള രൂളകൾ എഴുതാൻ കഴിഞ്ഞിട്ടില്ല. ദേവസ്വം മുതലായ ധർമ്മസ്ഥാപനങ്ങളുടെ ഭരണസംബന്ധമായ നടപടികൾ ഇപ്പോൾ കേവലം അനിശ്ചിതാവസ്ഥയിൽ ആണു കിടക്കുന്നതു്. ഈവക കാര്യങ്ങൾ എല്ലാം ശരിപ്പെടുത്തുന്നതിനു വേണ്ട രൂളകൾ ഉണ്ടാക്കുന്നതിനുവേണ്ടി ലാമെമ്പറോടു് ഗവണ്മെൻറാവശ്യപ്പെടണം. അല്ലാത്തപക്ഷം ലാമെംബറോടു് കർശ്ശനമായ സമാധാനം ചോദിക്കണമെന്നപേക്ഷിക്കുന്നു. ബഡ്ജറിൽ 2 ലക്ഷം രൂപ സെയിൽസ് പ്രൊസീഡ്സ് ആഫ ലാൻഡ്സ് എന്ന ഒരിനത്തിൽ ഗവണ്മെൻറിനു വരവുള്ളതായി കാണുന്നു. അതിന്റെ ൪൦% ദേവസ്വം ഡിപ്പാർട്ടുമെൻറിലേക്കു കിട്ടാൻ അവകാശമുണ്ടു്. അതു് ഇപ്പോൾ ഗവണ്മെൻറു് അപഹരിച്ചുവരികയാണു ചെയ്യുന്നതു്. ഇതു സംബന്ധിച്ചുണ്ടായ ഒരു തിരുവെഴുത്തുവിളംബരത്തിൽ റവന്യൂവും സഞ്ചായവും വരവിൽ ഒരംശം ദേവസ്വം ഡിപ്പാർട്ടുമെൻറിലേക്കു് വരേണ്ടതാണെന്നു വ്യക്തമായി പറഞ്ഞിരിക്കുന്നതിനാൽ ഈയിനം കൂടി അതിൽ ഉൾപ്പെടുത്തേണ്ടതാണെന്നപേക്ഷിക്കുന്നു. കുളച്ചൽ തുറമുഖം ഉടനടി നന്നാക്കുന്നതിനുള്ള സൗകര്യങ്ങൾ കൊടുക്കണമെന്നും വേറേ തുറമുഖങ്ങൾ ദക്ഷിണതിരുവിതാംക്കൂറിൽ തുറക്കണമെന്നും ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു. ഗവണ്മെൻറു ഗണിക്കുന്ന വ്യവസായങ്ങളുടെ ക്ലൂട്ടത്തിൽ ഞങ്ങളുടെ ദിക്കിലുള്ള പനംതുമ്പു വ്യവസായത്തെക്കുറിച്ചു കൂടി അന്വേഷിച്ചു് അതുകൂടി ഉൾപ്പെടുത്തിക്കാണണമെന്നും ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. PULIYOOR T. P. VELAYUDHAN PILLAI : പനംതുമ്പുവ്യവസായം എന്നുവച്ചാൽ എന്താണെന്നു പറയാമോ?

MR. T. C. KESAVA PILLAI : പറയാൻ സമയമില്ല.

MR. PULIYOOR T. P. VELAYUDHAN PILLAI : പനംതുമ്പുവ്യവസായം എന്ന മെമ്പർ പ്രസംഗത്തിൽ പ്രസ്താവിക്കയുണ്ടായി. അതു എന്താണെന്നു ദയവുചെയ്തു പറയുമോ?

MR. T. C. KESAVA PILLAI: പനയിൽ ഒരുമാതിരി തുമ്പുണ്ട്. പായ്തരം വ്യവസായങ്ങൾ അതുകൊണ്ടു നടത്താറുണ്ട്. ആ തുമ്പുകൾ ഇംഗ്ലണ്ടിൽ കൊണ്ടുപോയി സായിപ്പന്മാർ ബ്രഷ് മുതലായ പല സാധനങ്ങളായി രൂപാന്തരപ്പെടുത്തി അതായമെടുക്കുന്നുമുണ്ട്. തെക്കൻതിരുവിതാംകൂറിൽ കൃഷിചെയ്യാത്ത സ്ഥലങ്ങൾക്കുകൂടി ജനങ്ങൾ കരംകൊടുക്കുന്നതു നന്നല്ലെന്നു കരുതി നിലങ്ങൾക്കു കരം ഇളവുചെയ്യാൻ ഗവണ്മെൻറു വിചാരിക്കുന്നു എന്നും ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ കാണുന്നുണ്ട്. ഈ മാതിരി ദയവാണ് ഫിനാൻഷ്യൽ സെക്രട്ടറി തിരുവിതാംകൂറിലെ കർഷകന്മാരോടു കാണിക്കുന്നതെങ്കിൽ അതു വളരെ സങ്കടകരമായിട്ടുള്ളതാണ്. അതു സംബന്ധിച്ചുള്ള ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസ്താവന ഇപ്രകാരമാണ്.

"I may mention here that as a result of the representations made on behalf of Nanjinad Ryots, additional relief amounting to about Rs. 22,400 was sanctioned during the current year in respect of about 12,283 acres of dry land conversions and about 3,335 acres of Ayacut wet lands left fallow in the Kodayar commanded area for the Kanni crop of 1111 M. E. owing to the non-supply of water from the Kodayar Reservoir".

അതായതു ൧൧൨൧-ൽ ചിലപ്രദേശം ഏക്കർ സ്ഥലങ്ങൾ ഉപയോഗശൂന്യമായിത്തീർന്നതിലേക്ക് ൨൨,൪൦൦ രൂപ കരം ഇളവുചെയ്തുകൊടുത്തു എന്നു ഫിനാൻഷ്യൽ സെക്രട്ടറിപറയുന്നു. ഗവണ്മെൻറു കൺട്രാക്ടു ചെയ്യുന്നതു ഇപ്രകാരമാണ്. "നിങ്ങൾ എത്രയും ആവശ്യമുള്ള വെള്ളം എടുത്തു കൃഷിചെയ്തുകൊള്ളുക, നിങ്ങൾക്കു ആവശ്യമുള്ള വെള്ളം ഞങ്ങൾ തന്നുകൊള്ളാം" എന്നു്. അതിലേക്ക് "ഏക്കർ ഒന്നിന് ൨൫ രൂപവീതം വെള്ളക്കരം എന്നോരിനമായി തരണം" എന്നിട്ടു് വെള്ളം കൊടുത്തിട്ടില്ല. അതുകൊണ്ടു കൃഷി കരിഞ്ഞു. മേൽപ്പറഞ്ഞപ്രകാരം ൧൫,൩൭൫ ഏക്കറിൽനിന്നും ഏക്കറൊന്നിനു ൩൦ രൂപാവീതം ആകെ ൪,൩൫,൦൦൦ രൂപ കൃഷിച്ചിലവായി പൊതുജനങ്ങൾക്കു നഷ്ടപ്പെട്ടു. എന്നിട്ടാണ് ഗവണ്മെൻറു ൨൨,൪൦൦ രൂപ കരിഞ്ഞ നിലങ്ങൾക്കു കുറവുചെയ്തതു്. അങ്ങിനെയുള്ള കൺട്രാക്ടു് അവിടെയു

LIBRARY ARCHIVES Kerala Legislative Assembly

ള്ളകർഷകരും ഗവണ്മെൻറും തമ്മിൽ ഉണ്ടായിരുന്നിട്ടും അതിലേക്ക് മു മതലപ്പെട്ട ചീഫ് എൻജിനീയർ തുടങ്ങിയ ഉദ്യോഗസ്ഥന്മാർ ഇപ്പോഴും ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അതു വേണ്ടപോലെ പാലി ച്ചിട്ടില്ല. അതുകൊണ്ടു ജനങ്ങൾക്കു സാരമായ നഷ്ടം നേരിട്ടുകൊണ്ടിരിക്കു ന്നു എന്നുള്ള കഥ ഗവണ്മെൻറു അറിയുന്നേ ഇല്ല. അവിടുത്തെ കൃഷി ഉണങ്ങിക്കഴിഞ്ഞതിൽപിന്നീട് വെള്ളക്കരംമാത്രം ചിലപ്പോൾ ഇളവു ചെയ്തിരിക്കുന്നു. ഇതെന്തുകഷ്ടമാണ്.

MR. G. B. E. TRUSCOTT : (*Chief Engineer*) : Sir, the honourable member is not in his seat.

MR. M. SIVATHANU PILLAI : I saw the Chief Engineer interrupting; but I did not hear what he said.

MR. G. B. E. TRUSCOTT : The Chief Engineer pointed out to the Chair that the member now in possession of the House was not in his seat.

MR. T. C. KESAVA PILLAI : That is for the Chair and not for any member.

MR. M. SIVATHANU PILLAI : A point of order has been raised and I want a ruling from the Chair.

DEPUTY PRESIDENT : The matter does not call for a ruling.

MR. T. C. KESAVA PILLAI : അതുകൊണ്ടു ഫിനാൻഷ്യൽ സെക്രട്ടറിയോ മറ്റുദ്യോഗസ്ഥമൊമ്പറന്മാരൊ വേറെ ആക്കുംതന്നെയൊ ന്യായമായ പരിഹാരമാർഗ്ഗങ്ങൾ കാണിക്കാതെ ദക്ഷിണകർഷകരുടെ ഈ വിഷയത്തിലുള്ള സങ്കടപരിഹാരം ഉണ്ടാകുന്നതല്ല. തിരുവിതാംകൂറിൽ ഏവരും ദൈവത്തിനെപ്പോലെ ആരാധിക്കുന്ന ഒരു സാധനമാണ് മരച്ചീനിക്കിഴങ്ങ്. അതു് ഇവിടെയില്ലെങ്കിൽ എത്രപേർ പട്ടിണികൊണ്ടു് ഇവിടെ മരിച്ചുവീഴുമായിരുന്നുവെന്നുള്ളതു പറഞ്ഞറിയിക്കത്തക്കതല്ല. തെക്കൻതിരുവിതാംകൂറിൽ ഉള്ള ആളുകളെ തീയ്വച്ചാൽ കത്തിക്കാളുന്ന രീതിയിലാണു കാണുന്നതു്. കാര്യങ്ങൾ ഇങ്ങനെയിരിക്കെയാണ് ഗവണ്മെൻറു മോട്ടാർ ട്രാൻസ്പോർട്ടു് ഏറ്റെടുക്കുന്ന കാര്യം കേട്ടതു്. കൃഷിപ്പിഴകൊണ്ടു കരം ഇളവുചെയ്തുകൊടുക്കണമെന്നും മറ്റും ജനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഡിമാൻഡ് നോട്ടീസുകൾ അധികം അയക്കരുതെന്നു റവന്യൂ കമ്മിഷണരോടു് പ്രത്യേകം അപേക്ഷിക്കുന്നു. ഇതു ഞാൻ അവകാശത്തോടുകൂടി പറയുന്നതല്ല. റവന്യൂകമ്മീഷണർ പാവപ്പെട്ട കർഷകരോടു അദ്ദേഹത്തിനു ചെയ്യാവുന്ന ഏറ്റവും ചെറിയ ഒരു സൗജന്യം ചെയ്യണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

ചില ഉദ്യോഗസ്ഥന്മാർക്കു എക്സ്ഗ്രേഷ്യ കൊടുത്തതിൽ കുപിതന്മാരായി ചിലർ ഇവിടെ പ്രസംഗിക്കുന്നതുകേട്ടു. പരമാർത്ഥത്തിൽ എനിക്കും വളരെ വല്ലായ്മയുള്ള ഒരു സംഗതിയാണു അതു്. തിരുവിതാംകൂർ രാജകുടുംബത്തോടു കെട്ടുപെട്ട—പരമയോഗ്യനായ ഒരാഫീസർ — ഇരുവയസ്സു് ആയ ഉടനെതന്നെ റിട്ടയർ ചെയ്തു. ഇപ്പോഴത്തെ പോലീസ് കമ്മീഷണർ ആ വിഷയത്തിൽ വളരെ വിദഗ്ദ്ധനായ ഒരാളാണെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിനു് എക്സ്ഗ്രേഷ്യ കൊടുത്തതിൽ ഞാൻ കുറ്റപ്പെടുത്തുന്നില്ല. ചീഫ് സെക്രട്ടറിക്കും എക്സ്ഗ്രേഷ്യ കൊടുത്തു. അതുപോലെ എക്സ്ഗ്രേഷ്യ കൊടുത്തു എന്നുകേട്ടു് ആരും കോപിക്കേണ്ട ആവശ്യമില്ല. എന്നിരുന്നാലും മേലാൽ ഇങ്ങനെ ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറു് ഉൽസുകരാകരുതെന്നും എനിക്കഭിപ്രായമുണ്ടു്. ഞങ്ങളെ കൂടുതൽ ബഹുമാനിക്കണമെന്നു ഉദ്യോഗസ്ഥലോകത്തോടു് അപേക്ഷിച്ചുകൊണ്ടു് ഞാൻ എന്റെ ഈ പ്രസ്താവന ഉപസംഹരിച്ചുകൊള്ളുന്നു.

MR. PULIYOOR T. P. VELAYUDHAN PILLAI: തിരുവിതാംകൂർ രാജകുടുംബത്തിൽനിന്നു ഇരുവയസ്സിൽ പെൻഷൻ പറ്റിയ ഉദ്യോഗസ്ഥന്മാരാണു്?

MR. T. C. KESAVA PILLAI: അതു് ഡി. എസ്. പി. തമ്പുരാനാണു്.

MR. PULIYOOR T. P. VELAYUDHAN PILLAI: അദ്ദേഹം തിരുവിതാംകൂർ രാജകുടുംബത്തിലെ ആളാണോ?

MR. T. C. KESAVA PILLAI: രാജകുടുംബത്തോടു ഒട്ടിയ ആളാണു്.

MR. K. P. KOCHUKORA THARAKAN (*Kunnatnad cum Parur*): സർ, ഈ സാമ്പത്തികാധഃപതനകാലത്തുപോലും മിച്ചംവരുത്തിക്കാണിയ്ക്കുന്നതായ ഒരു ബഡ്ജറു് തയ്യാറാക്കിയതിൽ ഫിനാൻഷ്യൽസെക്രട്ടറി ഉപയോഗിച്ചിരിക്കുന്നതായ തന്ത്രങ്ങളെയും സൂത്രപ്രയോഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ആണ്ടവസാനത്തിൽ അദ്ദേഹം രൂപീകരിച്ചു് കാണിച്ചിരിക്കുന്ന സംഖ്യകൾ ശരിയാണെന്നു നമ്മെ ബോധ്യപ്പെടുത്തുന്നപക്ഷം അദ്ദേഹം അഭിനന്ദനാർഹനാണു്. ഇത്തവണത്തെ ബഡ്ജറിൽ കൊള്ളിച്ചിരിക്കുന്ന വൻതുകകൾ പലതും പട്ടണവാസികളുടേയും ധനഉടമസ്ഥന്മാരുടേയും സുഖസൌകര്യങ്ങളുടെയും അഭിവൃദ്ധിയേയും ഉദ്ദേശിച്ചുവയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ബ്രാഡ്കാസ്റ്റിംഗ്സ്റ്റേഷൻ, ടൗൺപ്ലാനിംഗ്, യൂണിവേഴ്സിറ്റി മുതലായി പട്ടണത്തി

LIBRARY ARCHIVES Kerala Legislative Assembly

ന്നം മെച്ചമുണ്ടാക്കുന്ന കാര്യങ്ങൾക്കും നല്ല സംഖ്യകൾ നീക്കിവച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി സ്ഥാപനത്തെ സംബന്ധിച്ചു പറഞ്ഞപ്പോൾ സാങ്കേതികമായും കാഷ്ഠികമായുമുള്ള വിദ്യാഭ്യാസപഠനത്തിനു യൂണിവേഴ്സിറ്റിയല്ലാതെ മറ്റുമാർഗ്ഗങ്ങളൊന്നും ഇല്ലെന്നു അദ്ധ്യക്ഷൻ പ്രസ്താവിച്ചതു കേൾക്കാനിടയായി. തിരുവിതാംകൂറിലുള്ള ഒരു യൂണിവേഴ്സിറ്റിയെ മറ്റു നാട്ടരാജ്യങ്ങളോ, പുറരാജ്യഗവണ്മെന്റുകളോ അംഗീകരിക്കണമെന്നു നിർബന്ധമില്ല. അങ്ങനെയിരിക്കെ മുൻപറഞ്ഞതരം വിദ്യാഭ്യാസങ്ങൾ ഇവിടെ ക്രമേണ വരുത്തിക്കൊണ്ടു അന്യരാജ്യങ്ങളിൽ അവയെ അംഗീകരിക്കത്തക്കനിലയുണ്ടെന്നു ബോദ്ധ്യപ്പെട്ടതിനുശേഷം ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചിരുന്നുവെങ്കിൽ നന്നായിരുന്നു. അല്ലാതെ ഇന്നത്തെനിലയിൽ ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചാൽ കുറെ പേർ പരീക്ഷയുംപാസ്സായി സർടിഫിക്കറും വാങ്ങിച്ചു് അങ്ങുമിങ്ങും അലഞ്ഞുനടന്നു ഒരിടത്തും ജോലികിട്ടാതെ വിഷമിക്കുന്നതിനിടയാകുമെന്നാണു് എന്റെ അഭിപ്രായം. അതു അത്യക്ഷേപാർഹവും തൊഴിൽശൂന്യരുടെ കൂടുതലിനു കാരണവും കൂടിയാണു്. പബ്ലിക്കുസർവീസ് കമ്മീഷണരുടെ നിയമനകാര്യം അസംബ്ലിയിൽ വന്നപ്പോൾ വളരെ സന്തോഷത്തോടുകൂടി അതിനുള്ള ഗ്രാന്റുമുഴുവൻ ഇവിടെ അനുവദിച്ചുകൊടുത്തു. എന്നാൽ ഇന്നത്തെ നിലക്കു് ഒരു പബ്ലിക്കുസർവീസ് കമ്മീഷണർ ഇല്ലായിരുന്നുവെങ്കിൽ അസമതാസമുദായങ്ങൾക്കു കൂടുതൽ ഉദ്യോഗങ്ങൾ കിട്ടുമായിരുന്നുവെന്നാണു കാണുന്നതു്. ഇപ്പോൾ യൂണിവേഴ്സിറ്റിയെന്ന ഒരു പദമല്ലാതെ അതു് ഏതു രീതിയിൽ നടത്താൻപോകുന്നുവെന്നു കാണുന്നില്ല. അതിലേക്കു പണമനുവദിക്കണമെന്നുള്ള ഡിമാൻറുമാത്രമെ കാണുന്നുള്ളു. ആ രീതി അഭിനന്ദനീയമല്ല. മറൊരു സ്കീം മോട്ടാർടാഫിക്കു ഗവണ്മെൻറിൽനിന്നും ഏറുനടത്താൻ പോകുന്നുവെന്നുള്ളതാണു്. പ്രൈവറു് ഏജൻസികൾ നടത്തിക്കൊണ്ടിരിക്കുന്ന സംരംഭങ്ങൾ ഗവണ്മെൻറു് ഏറ്റെടുക്കാൻ വിചാരിക്കാതെ അവർ വിചാരിച്ചാൽ നടത്താൻ പ്രയാസമുള്ളതും ഗവണ്മെൻറു വിചാരിച്ചാൽ നടത്തി പ്രയോജനം വരുത്തുവാൻ കഴിയുന്നതുമായ കാര്യങ്ങൾ ഗവണ്മെൻറു നേരിട്ടുനടത്തുകയാണു വേണ്ടതു്. പോപ്പർമിൽ മുതലായ ആദായകരമായ കാര്യങ്ങളിൽ ഗവണ്മെൻറു ഉൾപ്പെട്ടുനടത്തുകയല്ലാതെ പാവപ്പെട്ട തിരുവിതാംകൂർകാരായ അനവധിബസ്സുകാരെ വെള്ളത്തിലാക്കുന്ന ഏർപ്പാടിനു ഗവണ്മെൻറു ഉദ്യുക്തരാകരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. ഗവണ്മെൻറിൽനിന്നും ഒന്നരണ്ടു പ്രാവശ്യം പൊരുമ്പാവൂർ കാളച്ചന്തകൾ നടത്താൻ ശ്രമിച്ചു. എന്നാൽ അതു പരാജയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukoratharkan..]

പ്പെട്ടകയാണുണ്ടായത്. കുറച്ചുകാലം കഴിഞ്ഞു അതു പ്രൈവറ്റ് ഏജൻസികം നടത്തിത്തുടങ്ങുകയും അതു നല്ലനിലയിൽ വരുകയും ചെയ്തു. പ്രൈവറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കുകയും അവരുടെ സംരംഭങ്ങളെ സഹായിക്കയും ചെയ്യുന്നതിനുപകരം അവരെ നിരാശപ്പെടുത്തുന്ന നയം അക്ഷേപാർഹമാണ്. ഉദ്യോഗത്തിൽനിന്നും പെൻഷൻ കൊടുത്തു പിരിച്ചുവിട്ടവരെ വീണ്ടും ഉദ്യോഗത്തിലെടുക്കുക, നിയമപ്രകാരം പ്രായം കഴിഞ്ഞവക്ക് എക്സ്റ്റൻഷൻകൊടുക്കുക മുതലായ നയങ്ങളും ഗവൺമെൻറ് സ്ഥാനത്തും അസ്ഥാനത്തും ചെയ്യുകാണുന്നുണ്ട്. അവയിൽ ചിലതു് സ്ഥാനത്തായേക്കാമെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഹൈക്കോടതി ജഡ്ജിമാരിൽത്തന്നെ ആയിരത്തിയഞ്ഞൂറ്, ആയിരത്തിയിരുന്നൂറ്, തൊള്ളായിരം, നാന്നൂറ് എന്നിങ്ങനെ പല രീതികളിൽ ശമ്പളംവാങ്ങുന്നവരായുണ്ട്. ഇതു ശരിയല്ല അവരുടെ ശമ്പളകാര്യത്തിൽ ഒരു ഏകീകരണനയം ഉണ്ടാക്കേണ്ടതു അത്യാവശ്യമാണ്. പെൻഷൻകൊടുത്ത ഉദ്യോഗസ്ഥന്മാരെ തിരിയെ ജോലിയിൽ നിയമിക്കണമെന്നുള്ളതിന്റെ ഉദ്ദേശം കുറഞ്ഞ ശമ്പളത്തിൽ വേണമെന്നുള്ള പക്ഷം എല്ലാജഡ്ജിമാർക്കും 500 രൂപാ ശമ്പളംകൊടുത്താൽ മതിയെന്നു വയ്ക്കുകയായിരുന്നു. ഒരു പക്ഷെ സാമർത്ഥ്യക്കുറവുകാണും. പ്രായമായതുകൊണ്ടു ജോലിചെയ്യാൻ തരമില്ലെന്ന കരുതിയായിരിക്കാം കുറഞ്ഞ ശമ്പളത്തിൽ ആളുകളെ ഈവിധം നിയമിക്കുന്നതു്. അങ്ങനെയാണെങ്കിൽ രണ്ടു നിയമനങ്ങൾക്കുപകരം നല്ല ശമ്പളം കൊടുത്തു ഒരാളെ നിയമിച്ചേക്കണം. ഹൈക്കോടതിയിൽ ജഡ്ജിമാരായി ബാറിൽനിന്നും ഒരുശതമാനത്തോതിനു ആളുകളെ എടുക്കുന്ന ഒരു നയം ഗവണ്മെൻറിനു ഉണ്ടായിരുന്നു. അതിനു ഇന്നു എന്തുപറ്റി എന്നറിഞ്ഞില്ല. ബാറിൽനിന്നു ഒരുകൊല്ലമായി ആളുകളെ എടുത്തുകാണുന്നില്ല. അതിന്റെ അർത്ഥം ബാറിൽ ഇന്നു യോഗ്യന്മാരായ ആളുകൾ ഇല്ലെന്നാണോ? ഇനി എനിക്കു പോലീസ് ഡിപ്പാർട്ടുമെൻറും എക്സൈസ് ഡിപ്പാർട്ടുമെൻറും ഒന്നിച്ചുചേർത്തുകൊണ്ടു് ഒന്നുരണ്ടു വാക്കു പറയാനുണ്ടു്. പോലീസ് ഡിപ്പാർട്ടുമെൻറിലെ അക്രമങ്ങൾ രണ്ടു നൂറാണ്ടിനുമുമ്പുണ്ടായിരുന്നതു് ഏതുരൂപത്തിലാണോ അതേരൂപത്തിൽതന്നെയാണു് ഇന്നും നടക്കുന്നതു്. "മർദ്ദനം ഗുണവർദ്ധനം" എന്നുള്ള ആപ്തവാക്യത്തെയാണു് പോലീസ് ഡിപ്പാർട്ടുമെൻറുകാർ ആശ്രയിച്ചിരിക്കുന്നതെന്നു തോന്നുന്നു. രാജ്യത്തിന്റെ തലസ്ഥാനമായ ഇവിടെ അതെ ഹജൂരാഫീസിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അയൽപക്കത്തുള്ള പാളയം സ്റ്റേഷനിൽ രാത്രിസമയങ്ങളിലുണ്ടാകുന്ന ബഹളങ്ങളും അക്രമങ്ങളും കൊണ്ട് സമീപസ്ഥന്മാരായ ആളുകൾക്ക് കിടന്നുറങ്ങാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നുവെന്നു അറിയുന്നു. മിസ്സസ് ലൂക്കോസ്, മിസ്റ്റർ ലൂക്കോസ്, മി: കെ. പി. എബ്രഹാം മുതലായ ആളുകളാണ് അതിന്റെ അയൽപക്കങ്ങളിലുള്ള താമസക്കാർ. അവരോട് ചോദിച്ചാൽ ഗവണ്മെൻറിന് ആ സംഗതി ബോദ്ധ്യമാകുന്നതാണ്. തിരുവനന്തപുരത്തിന്റെ നടുക്കുകിടക്കുന്ന ഈ സ്റ്റേഷനിലെ അവസ്ഥ ഇങ്ങനെയാണെങ്കിൽ ഫർ ഓ മൈൽ അകലെയുള്ള ഞങ്ങളുടെ സ്ഥിതി എന്താണ്. അതിനാൽ പോലീസ് കമ്മീഷണരുടെ ശ്രദ്ധ ഈ വിഷയത്തിൽ പ്രത്യേകം പതിയേണ്ടതാണ്. ഇന്നത്തെ കമ്മീഷണർക്ക് ഈ രീതിമാറ്റാൻ സാധിക്കുകയില്ലെന്നുണ്ടെങ്കിൽ ഒരു വിദേശിയെ കമ്മീഷണരായി ഇവിടെ നിയമിക്കേണ്ടതാണ്. വിദേശികളെ ഇറക്കുമതിചെയ്യുന്ന കാര്യത്തിൽ ഞാൻ അനുകൂലിയല്ലെന്നും പറഞ്ഞുകൊള്ളട്ടെ.

MR. K. R. NARAYANAN: വിദേശികൾ പോലീസ് കമ്മീഷണർമാരായിരുന്നകാലത്ത് ഡിപ്പാർട്ടുമെൻറിൽ ഇത്ര അഴിമതിയുണ്ടായിരുന്നോ?

MR: K. P. KOCHUKORA THARAKAN: ഇല്ല. വടക്കൻ തിരുവിതാംകൂറിലെ വ്യാജചാരായ വ്യാപാരത്തെ അമർത്തണമെന്ന് ആഗ്രഹമുള്ളവരാണ് ഞങ്ങളെല്ലാവരും. എന്നാൽ അതിനെ പ്രോത്സാഹിപ്പിക്കുന്നത് എക്സൈസ് ഡിപ്പാർട്ടുമെൻറുകാർതന്നെയാണ്. തിരുവിതാംകൂറിലെ ഉല്പന്നങ്ങൾ കൊച്ചിയിൽ കൊണ്ടുപോകുന്നതിനും കൊച്ചിയിലെ തിരുവസ്സാമാനങ്ങൾ തിരുവിതാംകൂറിൽ കൊണ്ടുവരുന്നതിനും അവർ കൈക്കൂലിവാങ്ങിക്കുകയെന്നുള്ളത് സർവസാധാരണമാണ്. ഇങ്ങനെ കൈക്കൂലിമയമുള്ള ഒരു പ്രധാന ഡിപ്പാർട്ടുമെൻറാണ് എക്സൈസ് ഡിപ്പാർട്ടുമെൻറ്. പുകയില ഹോൾസെയിലുകാർ, കറുപ്പും ഗഞ്ചാവുംഷാപ്പുടമസ്ഥന്മാർ, കള്ള് ഷാപ്പ് കൺട്രാക്ടറന്മാർ മുതലായവർ എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള ശിപായിമാർക്കും പെറ്റി ഓഫീസറന്മാർക്കും ഇൻസ്പെക്ടറന്മാർക്കും പ്രതിമാസം ശമ്പളമായിട്ടാണ് കൈക്കൂലി കൊടുക്കുന്നത്.

MR. M. SIVATHANU PILLAI: അതിനു മേലിലുള്ളവർക്കു കൈക്കൂലി കൊടുക്കുന്നുണ്ടോ?

MR. K. P. KOCHUKORA THARAKAN: നിശ്ചയമായുംകാണും. എന്നാൽ പോലീസ് ഡിപ്പാർട്ടുമെൻറിലെ കൈക്കൂലി അങ്ങനെയല്ല. അവർക്ക് ഓരോ കേസിനുമാണ് കൈക്കൂലി കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. G. KUNJUKRISHNA PILLAI (*Neyyattinkara cum Trivandrum*) : പോലീസിലെ ട്രാഫിക്ക് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം മാസശമ്പളമായിട്ടല്ലേ കൈക്കൂലി കൊടുക്കുന്നത്?

MR. K. P. KOCHUKORA THARAKAN : ആയിരിക്കാം. വടക്കൻ ഫ്രൻസറിയർ കൈക്കൂലിയുടെ ഒരു വിളയാട്ട ഭൂമിയാണ്. മേടമാസം ഫ-ാനം- ആണെന്നു തോന്നുന്നു കുന്നത്തുനാട്ടു താലൂക്കിൽപെട്ട മഴുവന്നൂരിൽ നിന്ന് ഒരു പ്രതിയെ പിടിച്ചു രാമമംഗലം സ്റ്റേഷൻവരെ തല്ലി.

MR. E. P. VARGHESE : മഴുവന്നൂരുനിന്നും രാമമംഗലത്തേക്കു എത്ര മൈൽ ദൂരമുണ്ട്?

MR. K. P. KOCHUKORA THARAKAN : ഏകദേശം എട്ടു പത്തു മൈൽ ദൂരമുണ്ട്.

MR. PULIYOOR T. P. VELAYUDHAN PILLAI (*Thiruvella*) : ആ തല്ലുകൊണ്ടയാൾ ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ?

MR. K. P. KOCHUKORATHARAKAN : രണ്ടുമാസത്തെ ചികിത്സകഴിഞ്ഞതിനുശേഷം ഇപ്പോൾ അയാൾ ഒരു മനുഷ്യനായി നടക്കുന്നുണ്ട്. അയാളെ ചികിത്സിച്ച ഡാക്ടറുടെ അടുക്കൽ ഞാൻ ചോദിച്ചപ്പോൾ അയാൾ ഇങ്ങനെ കുറച്ചുനാൾകൂടി നടന്നേക്കുമെന്നു പറഞ്ഞു. പോലീസ് കമ്മീഷണർ ഉപദ്രവം ഏറ്റ മറ്റൊരു രോഗിയെ പുത്തൻകുരിശിനടുത്ത് കാണാൻ പോയപ്പോൾ ബൂട്ട്സിന്റെ ഒച്ചകേട്ട അയാൾ ഡാക്ടരെ കേറി വട്ടംപിടിച്ചു. "എന്റെ യജമാനനേ, എന്നെ തല്ലിക്കരുതേ" എന്നു പറഞ്ഞു. അത്ര പേടി അയാൾക്കുണ്ട്. ഇവരുടെ അഴിമതിക്കെപ്പറ്റി പരാതിമൂലവും ഡെപ്യൂട്ടേഷൻമൂലവും മെമ്മോറിയൽ കൊടുത്തും ഗവണ്മെണ്ടിനെ വേണ്ട തരത്തിലെല്ലാം അറിയിച്ചിട്ടും ഗവണ്മെണ്ട് ഇതുവരെ യാതൊരു പരിഹാരവും ഉണ്ടാക്കിക്കണ്ടില്ല. ഇത്രയൊക്കെ അഴിമതികൾ ഉണ്ടായിരുന്നിട്ടും ഇതൊന്നും ഗവണ്മെണ്ടു കണ്ടില്ല, കേട്ടില്ല എന്നു വിചാരിക്കുന്നതു കഷ്ടമാണ്. വ്യാജവില്പന തടയണമെന്നു ഗവണ്മെണ്ടു ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനു പൊതുജനങ്ങളുടെ സഹായ സഹകരണങ്ങളും ഗവണ്മെണ്ടിനു ഉണ്ടാകേണ്ടതു അത്യാവശ്യമാണ്. അതിലേക്കു ഒരു അനുദ്യോഗസ്ഥകമ്മറ്റിയെത്താനെ നിയമിച്ചു വേണ്ട തരത്തിൽ ഒരന്വേഷണം നടത്തുകയും റിപ്പോർട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. അല്ലെങ്കിൽ അതുത്തിയിൽ ഒരു എക്കട്ടിക്ക് എയ്യൻ പെൻസിങ്ങ് ഇടണം. അല്ലാതെ വഴിയിൽ കിട്ടുന്നവരെയൊക്കെ തല്ലുക എന്നുള്ള നയം എടുക്കുന്നതു ആക്ഷേപാർഹമാണ്. ഇനി എനിക്കു ട്രാഫിക്ക് ഡിപ്പാർട്ടുമെന്റി

LIBRARY ARCHIVES Kerala Legislative Assembly

നെപ്പററിയാണ പറയാനുള്ളത്. ആ ഡിപ്പാർട്ടമെൻറിന്റെ ആരംഭ കാലത്തു ഒരാളെ ബാംബയിൽ അയച്ചു പഠിപ്പിച്ചുവരുത്തി.

MR. P. K. KUNJU (*Quilon cum Kottarakara*) : ഗവണ്മെണ്ടു ചിലവി ലാണോ ബാംബയിലയച്ചതു ?

MR. K. P. KOCHUKORA THARAKAN : അതേ. നാലഞ്ചുകൊല്ലം ആ സർവീസിൽ ഇരുത്തിയതിനുശേഷം അയാളെ വേറൊരു ഡിപ്പാർട്ടമെ ൻറിലേക്കയച്ചു.

MR. P. K. KUNJU : ഇപ്പോഴും അയാൾ പോലീസ് ഡിപ്പാർട്ടമെൻറി ലുണ്ടോ?

MR. K. P. KOCHUKORATHARAKAN : ഇല്ല. ഡി. പി. ഡബ്ളിയു-ൽ ആണ്. ഇതുപോലെ ഒരു ഡിപ്പാർട്ടമെൻറിലിരുന്ന പഴക്കവും തഴക്ക വും വരുമ്പോൾ അവരെപ്പിടിച്ചു മറെറാരു ഡിപ്പാർട്ടമെൻറിലയക്കുന്ന നയവും ആക്ഷേപാർഹമാണ്. ഇതിന് ധാരാളം ഉദാഹരണങ്ങളുണ്ടു. കൃഷിഡിപ്പാർട്ടമെൻറിലിരുന്ന വിദഗ്ദ്ധനായ ഒരാളെപിടിച്ചു ചീഫ് സെ ക്രട്ടറിയാക്കി. വ്യവസായഡയറക്ടരായിരുന്നയാൾ ഇപ്പോൾ രജിസ്ട്രേ ഷൻ ഡയറക്ടരായിരിക്കുന്നു. മെതർ എക്സ്പർട്ടിനെ പിടിച്ചു ഡിസ്ട്രിക്ററു് രജിസ്ട്രാരാക്കി.

DEPUTY PRESIDENT : The member has two minutes more.

MR. K. P. KOCHUKORATHARAKAN : രണ്ടു മിനിട്ടുകൂടികിട്ടിയാൽ വേ ണ്ടില്ല. ഇങ്ങനെ പുറമെ അയച്ചു് വിദഗ്ദ്ധപരിശീലനം നടത്തുന്നയാളു കളെ അതാതു് ഡിപ്പാർട്ടമെൻറുകളിൽതന്നെയാണു് വയ്ക്കുണ്ടതു്. പെ രിയാറിൽ കാളിയന്റെ വീഴ്ച എന്ന സ്ഥലത്തു ഒരു അണ കെട്ടുന്ന പക്ഷം ൫൦,൦൦൦ ഏക്കർ സ്ഥലം കൃഷിചെയ്യുന്നതിനു സൌകര്യമു ള്ളതായി കിട്ടും, അതുകൊണ്ടു് വാട്ടർ ടാക്സ്, ലാൻറ് ടാക്സ, എന്നി വയിൽ ഗവണ്മെൻറിനു വരവു വർദ്ധിക്കും, കൃഷിയും അഭിവൃദ്ധിപ്പെടും. നമ്മുടെ ഹൈഡ്രോ ഇലക്ട്രിക്കു് സ്കീമിനു വലിയഅപജയംവന്നിട്ടുണ്ടു്. ഇവിടത്തെ ഇലക്ട്രിക്കു് ഇഞ്ചിനീയരുടെ മേൽനോട്ടത്തിൽ പണിയി ച്ചുവന്ന പവ്വർഹൌസ്സും മറ്റും അശേഷം തകർന്നുപോയി. അതിനു ആ രാണ് ഉത്തരവാദി. അതിലേക്കു ചെലവാക്കുന്ന പണം ജനങ്ങളുടേതാ ണു. അതു ഗവണ്മെൻറിനുമറിയാം. അനാവശ്യമായും അക്രമമായും പ ണം നഷ്ടപ്പെടുത്തുന്നവരെ ശിക്ഷിക്കണം. ആരാണോ ആ ഉക നഷ്ട പ്പെടുത്തിയതു് അവരുടെ കയ്യിൽനിന്നും ആ ഉക ഈടാക്കുകയുംവേണം. ഇപ്പോൾത്തന്നെ അവിടെ കെട്ടിടംപണിക്കു ഒരു സിവിൽ എക്സ്പ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. P. Kochukora Tharakan.]

ർട്ടിനെ വച്ചിട്ടുണ്ട്. ഇവിടെ കൺടാക്റ്റിനു വന്ന ഒരാളാണ് ഇപ്പോ ഴത്തെ എക്സ്പർട്ട്.

DEPUTY PRESIDENT : The time allotted to the member has expired.

MR. K. P. KOCHUKORATHARAKAN : അതിനാൽ ഗവണ്മെൻറിൻെറ ശ്രദ്ധ ഈ വിഷയത്തിൽ കൂടുതൽ പതിയണം എന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിക്കുന്നു.

DEPUTY PRESIDENT : As no Honourable Members have risen to speak, probably the only course open for me is to wait for one or two minutes and if within that time nobody rises to speak to adjourn the meeting.

MR. S. KRISHNA AIYAR (*Nominated*) : To avoid such a contingency, I am happy to come to the rescue. It is the fashion to begin the general discussion of the Budget with a compliment to the author. In this instance I do not pay any conventional compliment. Mine is a sincere one for the way in which the budget scheme has been set forth and the lucidity of the exposition. I have, however, to express my doubts about some of the items in the scheme, in particular the savings Bank's policy. That is a commercial venture. I find at page12 of the yellow book that the Government Savings Banks have deposits to the extent of about Rs. 1·89 crores. No doubt, that shows the esteem and the confidence in which the Government is held by the public. I find again from the budget estimate that Rs. 4 lakhs are needed to pay interest on these deposits. The credit portion of the balance sheet appertaining specially to this head is not before us. The Financial Secretary might have presented to us a separate banking balance sheet to enable us to see how this huge sum of Rs. 1·89 crores has been invested. Unless it is so invested as to fetch at least the interest Government have to pay, Government will be losing on the transaction. If it were a commercial venture, it would have been condemned at once. I hope the Financial Secretary will be able to tell us later how the funds have been invested, how much they earn, whether they earn more than 3 per cent and whether any investments have been earmarked for the payment of these deposits at call. I feel that this Rs. 1·89 crores is more an embarassment than anything else. Under all canons of banking, a certain portion of this sum should be held as liquid money, and a further portion in giltedged or other easily marketable securities. Nobody can have any doubt about the strength of the finances of Travancore or its ability to meet its obligations a dozen times over. It is a question of banking principle. It may be that in ancient days Government thought that some such arrangement might be useful to the people. But now banking and the banking habit has developed to a great extent. Wherever we go in Travancore, we have banks and respectable banks as well. Looking at this from another aspect, I ask is not the Government giving rather high interest? When Government offers 3 per cent, private institutions cannot get enough deposits. Less of deposits

LIBRARY ARCHIVES Kerala Legislative Assembly

spell less of financial transactions. At the hands of Government, all this money is stagnant material. So much money is practically taken out of circulation. Possibly as an apology it my be urged that a portion is utilised for servicing Government needs. But that is not circulation in the proper sense of the word. I am raising these points not in any spirit of criticism but in a spirit of doubt and diffidence and with very great respect for the Financial Secretary's attainments.

I proceed to another department. There is a department in Travancore which we call the Industries department. On going through the accounts, I find that a goodly portion of the money allotted for this department is spent on Direction and office. Another portion goes to the Geology Section. Geology cannot without undue strain, be called an industry. If education can be called an industry or science an industry, then Geology too can be called an industry. Expenses on Geology have to be removed from this head. Then you have certain schools, the S. M. Technical School, the S. M. R. V. School, S. M. Technical Institute and some "polytechnical institutes." The names are very grandiloquent, and one might be carried away by the impression that Travancore has a very well organised Industries Department of its own. But let us go into details. What do we find? What do these institutes teach? They teach weaving as if weaving were a new art. Possibly when the department was created they thought only of weaving. That item has to go to the educational department. There is a Government Technical school at Alleppey. I don't remember its name. It teaches typewriting, shorthand, commercial correspondence and banking. There are plenty of private institutions that teach these very same subjects. I ask why should Government compete with private institutions. That item too has to be transferred to the Education Department or say the Excise Department, which is supposed to embrace commerce. Then there seems to be another big institute called a Poly-Technic institute. It is an institute where some Travancore products are collected and sold. Again 17,000 odd rupees go out of this as charity grants, to private weaving schools. Going through the Budget and Departmental Sheets I find only one small institute where some foundry work or something like that is being taught. This Department accounts for an expenditure of more than two lakhs of rupees under the head of 'Industries'. The barrenness of the department cannot be laid to the door of the Director of Industries. He is a scholar, and a hardworking officer. He has inherited this effete department. The question is whether this department should not be reorganised so as to serve the needs of the people. If it cannot be mended it has to be ended. At present you may take it from me that there is no real Industries Department in Travancore but only another department of charity.

Now I come to the question of the commerce department or the want of one in Travancore. We have been asking the Government for

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Krishna Aiyar.]

the establishment of a commerce department for several years past. Our external trade amounts to nearly 16 crores of rupees. The Financial Secretary might give us an idea as to the amount needed for carrying on the internal commerce of the country. The wealth of the State is centred not upon Agriculture but upon export trade. We produce only a very small quantity of the rice that is our staple food. We import about two-thirds of our food from outside. This two-thirds has to be financed by exports. What is wanted is the cultivation of export mindedness. In place of a regular commerce department, Government have tacked commerce on to excise. I fail to understand what the Excise Department has to do with commerce. It is high time that Government realise that commerce is more important than even agriculture and secure the advice of an expert board of practical business men, that is a board of trade, absolutely unofficial, yet responsible to Government, and the people alike.

I should like to speak a word about what are called the nation-building departments. The first item coming under this head is health, hygiene and sanitation. I find that that department is half being starved. The country needs better sanitation, healthier living, better food and better housing conditions. The majority of the people are below the bread line. Public health and Sanitation must have the first claim on public funds.

I next come to the Education department. The present system of Education is an inheritance from Lord Macaulay. The East India Company wanted Dubashes clerks and petty officers. The system was devised with that object. As a result we have now plenty of clerks and plenty of unemployed. What we want is a change of ideals an entirely new system of education. For this we do want a university of its own. But the University we want is not a *replica* of the existing Universities of Madras, Andhra Desa, or even Chidambaram, not a mere degree conferring University, not a University that serves as a mere examining Board, but a University that will help the people to earn their bread. It might be all right to talk of culture and learning for learning's sake. But the ordinary man in the street wants bread and butter. This new University should give a definite vocational bias. Fishery courses, Agricultural courses, Chairs in Engineering, Mining, Metallurgy, all practical course may be taken up. One central college of arts must suffice. If that is the sort of University we are going to have, all of us do support it wholeheartedly.

Now, I come to the Transport problem about which there are misgivings and differences of opinion, in the House and outside, probably due to misapprehension. This has become the burning problem of the day. So far as the principle of socialisation of services and nationalisation of public utilities are concerned, I believe there will not be two opinions. The question is only about compensation to one particular transport agency on one particular road way, where the Government propose to apply the scheme.

LIBRARY ARCHIVES Kerala Legislative Assembly

We see from the facts supplied to us a few days ago that one monopolistic agency has been running this show for several years. We find also that this agency has been running it at a loss. It is the duty of the Government to see that no man commits or attempts to commit financial suicide. It may be akin to gambling. A man finds that he is losing and goes on plunging further and further to recoupe his losses. Is it not the duty of the Government to come to the rescue even of the inveterate gambler and thus save him from himself. On the other hand if he is making a profit, he may render a statement of profits and ask for compensation *pro rata* to the profits earned. A man is entitled to compensation for good will only when he has developed a successful business. But when the business is a failure, when it is a minus quantity, one cannot see how he can claim for compensation. Viewed in that aspect I believe the public has no cause for misapprehension. I have taken up more than allotted time, and I thank the Chair for the few extra minutes given to me.

(At this stage the President took the Chair).

MR. N. JOHN JOSEPH : സർ, മിച്ചംവരുത്തുന്ന ഒരു ബഡ്ജറ്റ് ഫിനാൻഷ്യൽ സെക്രട്ടറി അവതരിപ്പിച്ചുകാണുന്നതിൽ അദ്ദേഹത്തെ ഞാൻ അനുമോദിക്കുന്നു. എല്ലാ വർഷങ്ങളിലുമുള്ള ബഡ്ജറ്റിനെപ്പറ്റി ആലോചിക്കുമ്പോൾ ഏതാനും ചില പട്ടണങ്ങളെമാത്രം നന്നാക്കുന്നതിനും അവിടെ വസിക്കുന്നവരുടെ സുഖസൗകര്യങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി തയ്യാറാക്കപ്പെട്ടിരുന്ന ബഡ്ജറുകളാണെന്നു തോന്നിയിരുന്നു. ഗ്രാമീണരുടേയും കർഷകരുടേയും ഉദ്ധാരണത്തിനുവേണ്ടി കായ്മായി യാതൊന്നുംതന്നെ പ്രവർത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ അതിൽ കണ്ടിരുന്നില്ല. എന്നാൽ ഇപ്പോഴത്തെ ബഡ്ജറിനെപ്പറ്റി കൂലങ്കഷമായി പര്യാലോചിക്കുമ്പോൾ ഗ്രാമീണരുടേയും കർഷകരുടേയും കാര്യത്തെക്കുറിച്ചു എതാനും ചിലതു ചെയ്യുന്നതിനൊരുങ്ങീട്ടുള്ളതായികാണുന്നു. അതിൽ ഗവണ്മെൻറിനെ അഭിനന്ദിക്കേണ്ടതായുണ്ട്. ഈ രാജ്യത്തിനു സ്വപ്നംകാണാൻപോലും കഴിവില്ലാതിരുന്ന സർവ്വകലാശാലക്കാര്യത്തെപ്പറ്റി ആലോചിക്കുകയാണെങ്കിൽ തിരുവിതാംകൂർകാരുടെ ഭാഗ്യമെന്നേ വിചാരിക്കാനുള്ളൂ. മറ്റുള്ള രാജ്യക്കാർ ഈ രാജ്യത്തെ സർവ്വകലാശാലയെ അംഗീകരിക്കുകയില്ല എന്നുള്ളതു കേവലം ഒരു മിഥ്യാബോധമെന്നേയുള്ളൂ. അവശസമുദായക്കാർക്ക് തൊഴിൽപരമായ മോചനംകിട്ടാൻ ഉള്ള വ്യവസ്ഥകൂടി അതിൽ ഉണ്ടായിരിക്കുമെന്നുള്ളതുകൊണ്ട് ഈ സർവ്വകലാശാലാസ്ഥാപനത്തെ എത്രയും വേഗത്തിൽ നടപ്പിൽകൊണ്ടുവരണമെന്നു ഞാൻ അപേക്ഷിക്കുന്നു ഇപ്പോഴത്തെ 'ട്രാൻസ്പോർട്ട്' പദ്ധതിയെപ്പറ്റിയും രണ്ടുവാക്കു പറയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. John Joseph.]

വാനുണ്ട്. പൊതുപണം ചിലവാക്കി റോഡിനുള്ള സ്ഥലങ്ങൾ വാങ്ങിക്കുക, റോഡുകൾവെട്ടുക, അതിന്റെ മെയിൻറനൻസ് നടത്തുക മുതലായ കാര്യങ്ങൾ ഗവണ്മെൻറാണു നടത്തിക്കൊണ്ടിരിക്കുന്നത്. ആ റോഡുകളിൽ ഏതാനും ചില വ്യക്തികൾമാത്രമാണ് ഗതാഗതസംബന്ധമായ കൈകാര്യങ്ങൾ ചെയ്യുന്നത്. അതുകൊണ്ടു ഗവണ്മെൻറിനു നഷ്ടമുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. അങ്ങനെയുള്ള വ്യവസായങ്ങൾ ഗവണ്മെൻറു ഏറെറടുക്കുന്നതു രാജ്യത്തിന്റെ ഐശ്വര്യാഭിവൃദ്ധിക്കും പൊതുജനക്ഷേമത്തിനും ഗുണകരമാകുമെന്നുള്ളതിനാൽ അതു എത്രയും വേഗത്തിൽ നടപ്പിൽവരുത്തണമെന്നുപേക്ഷിക്കുന്നു. ഇപ്പോഴത്തെ ഏർപ്പാട് ധാരാളംപേർക്കു തൊഴിലുണ്ടാക്കികൊടുക്കുന്നുവെന്നു പറയുന്നുണ്ട്. എന്നാൽ ഇത്രത്തോളം ബസ്സ്സർവീസുകൾ ഗവണ്മെൻറും ഏർപ്പെടുത്തുന്നപക്ഷം പുറത്തുനിന്നും ആരെയും എടുക്കുകയില്ലെന്നുള്ള ഗവണ്മെൻറിന്റെ പ്രതിജ്ഞയെ നിറവേറുന്നിടത്തോളംകാലം അതുമായുള്ള കിടമത്സരത്തിനു മാത്രമല്ല കൂടുതൽപേർക്കു തൊഴിലുണ്ടാകുന്നതാണ്. റബ്ബർ ഫാക്ടറി, ഷുഗർഫാക്ടറി തുടങ്ങിയ സ്ഥാപനങ്ങൾക്കായി ഗവണ്മെൻറു അനേകം ധനം മുടക്കിയിട്ടുണ്ടെങ്കിലും അതുകൊണ്ടു മേലാൽ നഷ്ടം വരാതെയിരിക്കുവാൻവേണ്ടി അതു പ്രൈവറ്റുകമ്പനിക്കാർക്കു കൊടുത്തതു ഉചിതമായി. മേലാൽ പണംമുടക്കുകൂടാതെ ഗവണ്മെൻറിനു ആദായം ഉണ്ടാകത്തക്കവണ്ണം വ്യവസ്ഥകൾ കമ്പനിക്കാരുമായി ചെയ്യുകാൺന്നതിൽ ഞാൻ ഗവണ്മെൻറിനെ അനുമോദിക്കുന്നു. കൃഷിയേയും വ്യവസായത്തേയും പോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഗവണ്മെൻറു നിർദ്ദേശിച്ചുകാണുന്നുണ്ട്. അതു ഇതിനുമുമ്പു ഉണ്ടായിട്ടില്ലാത്ത ഒരു പദ്ധതിയാണ്. അതു് കൂടുതൽ പ്രയോജനകരമായിട്ടുള്ളതുമാണ്. അധികം ദൃഷ്ടിഗോചരമല്ലാതിരുന്ന കളിമണ്ണ് മുതലായ പല വ്യവസായങ്ങളെയും നടപ്പിൽവരുത്തുന്നതിനും ഗവണ്മെൻറു ഉദ്ദേശിക്കുന്നു. അങ്ങിനെയുള്ള വ്യവസായങ്ങൾ അതിന്റെ പരിപൂർണ്ണവിജയത്തിലെത്തുമെന്നുള്ള വിശ്വാസവും എനിക്കുണ്ട്. കർഷകരേയും വ്യവസായികളേയും ഒരുപോലെ വിഷമിപ്പിച്ചുകൊണ്ടിരിക്കുന്ന ഗുണഭോരത്തെ ലഘൂകരിക്കുന്നതിനുള്ള പദ്ധതികളും നടപ്പിൽവരുത്താൻ വിചാരിക്കുന്നതു ഗണ്യമായ പുണ്യമായിരിക്കുമെന്നുള്ളതിനു സംശയമില്ല. തിരുവനന്തപുരത്തുനിന്നും പുറപ്പെടുന്ന ലാറിൻ കൂസ്റ്റ്രൻപത്രം ഇവിടെയുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

വലിയ ഉദ്യോഗസ്ഥനെപ്പറ്റി എന്തൊക്കെയോ എഴുതിയിരുന്നതായി ഇവിടെ ഒരു മെമ്പർ പറയുന്നതുകേട്ടു.

PRESIDENT : The honourable member may leave aside that point and continue to the main topic.

MR. N. JOHN JOSEPH : അതേപ്പറ്റി എനിക്കു ഒരുകാര്യമേ ഗവണ്മെൻറിനെ ധരിപ്പിക്കേണ്ടതായുള്ളു. ലാറീൻ ക്രിസ്ത്യൻ പത്രം ലത്തീൻ ക്രിസ്ത്യാനികളിൽ ആരുംതന്നെ വരുത്തുകയൊ വായിക്കയൊ ചെയ്യരുതെന്നു് അവരുടെ മതാദ്ധ്യക്ഷന്മാരായ ബിഷപ്പന്മാർ നിരോധനാജ്ഞ കൊടുത്തിട്ടുള്ളതാണു്. അതിനാൽ ആ പത്രം ആ സ്മുദായക്കാരും മാറുള്ളവരും തള്ളിക്കളഞ്ഞിരിക്കുന്ന ഒരു പത്രമാണു്. അതിൽ കാണുന്നവ ഒന്നുംതന്നെ അംഗീകരിക്കത്തക്കതുമല്ല. മാനാഭിമാനമുള്ളവരാരും അതുവാങ്ങി വായിക്കുകയുമില്ല.

PRESIDENT : The member will kindly proceed to the topic in the agenda.

MR. N. JOHN JOSEPH: ആ പ്രസ്താവന മൈയ്യപൂർവം ഗവണ്മെൻറു് തള്ളിക്കളഞ്ഞതിൽ ഞാൻ ഗവണ്മെൻറിനെ ഹാർദ്ദമായി അനുമോദിക്കുന്നു. ഇവിടത്തെ അവശ സമുദായക്കാരെപ്പറ്റിയാണു് എനിക്കു് ഇനി പറയുവാനുള്ളതു്. കുടിപാർക്കുന്നതിനു ഭൂമിയില്ലാത്തവരാണു് അവശരിൽ അധികംപേരും. അതിലേക്കു് കാളനികരം ഏർപ്പെടുത്തുകയെന്നുള്ള സന്പ്രദായം ഗവണ്മെൻറ് നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നു. കാളനികളെപ്പറ്റി എനിക്കു് വലിയവിശ്വാസമില്ല. കാളനികരം ഏർപ്പെടുത്തുന്നതിനെപ്പറ്റി എനിക്കുള്ള എതിരു് ഞാൻ ഇതിനുമുമ്പുതന്നെ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ടു്. പട്ടണങ്ങളിൽമാത്രമേ കാളനികരം ഏർപ്പെടുത്താവൂ. കാളനിയെന്നുംപറഞ്ഞു കേവലം ജയിലിലിട്ടു് അടയ്ക്കുന്ന ഏർപ്പാടുപോലെയുള്ള സന്പ്രദായങ്ങളും നടപ്പിൽവരുത്തരുതെന്നു ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. ചുരുങ്ങിയപക്ഷം നൂറു് ഏക്കർ എങ്കിലും വിസ്തീർണ്ണമുള്ള സ്ഥലത്തുമാത്രമേ കാളനികരം ഏർപ്പെടുത്താവൂ. അവിടെ നൈറ്റ് സ്കൂളുകളും, ഡേ സ്കൂളുകളും ഏർപ്പെടുത്തുകയും തൊഴിൽശാലകളും ആരോഗ്യസംരക്ഷണത്തിനു ആശുപത്രികളും സ്ഥാപിക്കയും ചെയ്യണം. അതിലേക്കു പ്രത്യേകം ഒരുദ്യോഗസ്ഥനെ പുമതലപ്പെടുത്തിയിട്ടുണ്ടെന്നും കാണുന്നു. ൧൫,൦൦൦ രൂപയാണു് അതിനുവേണ്ടി ഗവണ്മെൻറു് ചെലവാക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു് അതു് ഒരു നല്ല സംഖ്യയാണെന്നു ഗവണ്മെൻറു് അഭിമാനിക്കുന്നതുപോലതോന്നുന്നു. ആളൊന്നിനു ഒരുകാശുവീതമുള്ള ചെലവു് ഗവണ്മെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

ൻറ് ഈ വിഷയത്തിൽ ചെലവാക്കുന്നില്ലെന്നു കണക്കുകൂട്ടിയാൽ അറിയാൻകഴിയും. അതിനാൽ നല്ല ഒരുസംഖ്യ അനുവദിക്കണമെന്നപേക്ഷിക്കുന്നു. അവശസമുദായക്കാർക്കു പതിച്ചുകൊടുക്കാൻ നീക്കിവച്ചിട്ടുള്ള സ്ഥലങ്ങളിൽ മുക്കാൽഭാഗവും കൃഷിക്കുപയുക്തമായ സ്ഥലങ്ങളല്ല. കൃഷിക്കുപയുക്തമായ സ്ഥലങ്ങൾ നീക്കിവച്ച് അവക്കു പതിച്ചുകൊടുക്കണം. പരസ്പരസഹായസംഘം മുഖേന അവശസമുദായക്കാരുടെ ധനാഭിവൃദ്ധി വരുത്താമെന്നു ഞാൻ ആശിച്ചിരുന്നു. എന്നാൽ അവരുടെ ധനാഭിവൃദ്ധിക്കുവേണ്ടിയുള്ള യാതൊരുപ്രോത്സാഹനവും ആ ഡിപ്പാർട്ടുമെൻറുകാർ ചെയ്യുന്നില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. അധീകൃതപ്പറ്റത്തിൽപ്പെട്ട ഒരു പൂണിനെപ്പോലും നിയമിക്കുവാനുള്ള മനഃസ്ഥിതി ആ ഡിപ്പാർട്ടുമെൻറിൽപ്പെട്ട ആർക്കും ഇതുവരെ ഉണ്ടായിട്ടില്ല. ഓരോ ഇൻസ്പെക്ടറന്മാർക്കും ഓരോ പൂണിനെ എടുക്കുവാനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിലും തങ്ങളുടെ സമുദായത്തിൽപ്പെട്ട ആളുകളെമാത്രമേ നിയമിക്കാവൂ എന്നുള്ള നിർബന്ധം അവർക്കുള്ളതുപോലെ തോന്നുന്നു. ആ ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടറന്മാരെ നിയമിക്കുമ്പോൾതന്നെയും ബി. ഏ. പാസായ ആളുകളെ ഞാൻ ഹാജരാക്കി നോക്കിയിട്ടുണ്ട്. അപ്പോഴെല്ലാം പബ്ലിക്ക് സർവ്വീസുകമ്മീഷണരുടെ ഏറ്റപ്പാടാണെന്നും മറും പറഞ്ഞു മടക്കുകയാണുണ്ടായിട്ടുള്ളതു്. ഇന്നത്തെ ഗവണ്മെൻറു അതറിയത്തക്കവണ്ണം അഞ്ചുഗ്രൂപ്പു സെക്രട്ടറിമാർ പരസ്പരസഹായ ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്നു. അവർ അഞ്ചുപേരും അന്യമതസമുദായത്തിൽപ്പെട്ടവരുമായിരുന്നു. അവരെ അഞ്ചുപേരേയും ഡിപ്പാർട്ടുമെൻറിൽ നിന്നു നിഷ്ക്കാസനംചെയ്തു. അങ്ങനെ ഇപ്പോൾ പരസ്പരസഹായ ഡിപ്പാർട്ടുമെൻറു ഒരു സവർണ്ണഡിപ്പാർട്ടുമെൻറാക്കിത്തീർത്തിരിക്കുകയാണു്. അതുനാൽ അവശസമുദായക്കാരെ ആ ഡിപ്പാർട്ടുമെൻറിൽ നിയമിയ്ക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും അവശരിൽനിന്നു ഇൻസ്പെക്ടറന്മാരെ നിയമിച്ചു അവരുടെ ധനാഭിവൃദ്ധിക്കുള്ള പ്രവർത്തികൾ ചെയ്വാൻ പ്രത്യേകം നിഷ്കർഷിക്കുകയും ചെയ്യണമെന്നപേക്ഷിക്കുന്നു. അവശസമുദായക്കാരുടെ വിദ്യാഭ്യാസാഭിവൃദ്ധിക്കു് ഗവണ്മെൻറു ചെയ്തിട്ടുള്ള എല്ലാ സഹായങ്ങൾക്കും നന്ദിപറഞ്ഞുകൊള്ളുന്നു. അധഃകൃതരിൽ ഹിന്ദുക്രിസ്ത്യാനിയെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യമായി ഫീസു അനുവദിച്ചുകൊടുത്തിട്ടുണ്ടു്. എങ്കിലും അതിൽനിന്നും ഗ്രാഡ്വെറ്റ് ചെയ്യുന്നതുവരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഈ സമുദായക്കാക്കു കാലദൈർഘ്യത്തിന്റെ അളവുവന്നിട്ടില്ല. ഇപ്പോഴത്തെ അതിൽപ്പെട്ട ചിലർക്കു ഫീസുസെയ്ജന്യംലഭിക്കണമെങ്കിൽ സാക്ഷിപത്രം വേണമെന്നുക്രടിവച്ചിട്ടുണ്ടു്. ഗവണ്മെന്റു ആ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവയ്ക്കണമെന്നു അപേക്ഷിക്കുന്നു. അവശസമുദായക്കാരിൽ ഹിന്ദുക്രിസ്ത്യാനികൾക്കാകട്ടെ ക്രിസ്ത്യാനികൾക്കാകട്ടെ അവരുടെ സാമൂഹ്യവും സാമ്പത്തീകവുമായസ്ഥിതിക്കു യാതൊരുവ്യത്യാസവുമില്ല. മതപരിവർത്തനംകൊണ്ടു് ധനസ്ഥിതിയിലോ വിദ്യാഭ്യാസത്തിലോ മുമ്പേട്ടവന്നിട്ടില്ല. ജാതിസംബന്ധമായി ഹിന്ദുക്രിസ്ത്യാനികളുടെയുള്ള അസമത്വങ്ങൾ സവർണ്ണക്രിസ്ത്യാനികളുടെ ഇടയിലും അവശസമുദായക്രിസ്ത്യാനികൾ അനുഭവിച്ചുവരികയാണു്. അതുകൊണ്ടു ഉയർന്നജാതി ക്രിസ്ത്യാനികളിൽനിന്നു അവശക്രിസ്ത്യാനികളെ പ്രത്യേകംതരംതിരിച്ചു് അവശ ഹിന്ദുക്രിസ്ത്യാനികൾക്കു പ്രത്യേകമായി ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാവിധസൌജന്യങ്ങളും ലഭിക്കത്തക്കരീതിയിൽ ഗണിക്കണമെന്നും അപേക്ഷിക്കുന്നു.

മുമ്പു് വല്ല ഉദ്യോഗസ്ഥന്മാരുടേയും പുറകേനടന്നാൽ വല്ല ഉദ്യോഗങ്ങളും കിട്ടുമായിരുന്നു. ഇപ്പോൾ പബ്ലിക്കു് സർവീസ് കമ്മീഷണർവന്നതുകൊണ്ടു് ഒന്നിനും നിവൃത്തിയില്ലാതാണിരിക്കുന്നതു്. അതിനാൽ റൊട്ടേഷൻ വരുമ്പോൾ അതിലെ പകുതി ഉദ്യോഗങ്ങളും അവശസമുദായക്കാക്കുകൊടുക്കുകയും ബാക്കിയുള്ള പകുതി ഉദ്യോഗങ്ങൾ റൊട്ടേഷനനുസരിച്ചു മറ്റുള്ളവക്കുകൊടുക്കുകയും ചെയ്യത്തക്കരീതിയിൽ പബ്ലിക്കുസർവീസ്റ്റ കൂട്ടുമെന്റിന്റെ കളിനംവേണ്ട മാറ്റങ്ങൾ വരുത്തേണ്ടതു ആവശ്യമാണു്. താണതരം ഉദ്യോഗങ്ങളിൽ അൻപത്തഞ്ചു് ഉദ്യോഗങ്ങളിൽ ഇരുപതെണ്ണം ക്രിസ്ത്യാനികൾക്കു കിട്ടത്തക്കവണ്ണം വ്യവസ്ഥയുണ്ടു്. അവശസമുദായക്രിസ്ത്യാനികളെ സവർണ്ണക്രിസ്ത്യാനികളോടുചേർത്തിട്ടിരിക്കുന്നതുകൊണ്ടു ഇപ്പോൾ ഒരുദ്യോഗവും ഈ നിലക്കു അവശക്രിസ്ത്യാനികൾക്കുലഭിക്കുന്നില്ല. അതിനാൽ താണതരം ഉദ്യോഗത്തിൽ അൻപത്തഞ്ചിൽ ഇരുപതു ക്രിസ്ത്യാനികൾക്കു ലഭിക്കുന്നതിനുള്ള വ്യവസ്ഥയിൽ ഒരു ഭേദഗതിചെയ്യുകയും അതിൽ പത്തു ഉദ്യോഗം അവശസമുദായക്രിസ്ത്യാനികൾക്കു കൊടുക്കത്തക്കവണ്ണം പബ്ലിക്കുസർവീസ്കമ്മീഷണക്കു ഗവണ്മെന്റു ഉത്തരവുകൊടുക്കേണ്ടതാണു്. ഏക്സൈസ് ഡിപ്പാർട്ടുമെന്റു, പോലീസ്ഡിപ്പാർട്ടുമെന്റു എന്നിവകളിലും നിയമനം നടത്തേണ്ടകാര്യം പബ്ലിക്കുസർവീസു കമ്മീഷണരിലാണു സ്ഥിതിചെയ്യുന്നതു്. അതിനാൽ അവിടെയും അവശസമുദായക്കാരെ ധാരാളമായി നിയമിക്കുന്നതിനു ഗവണ്മെന്റു വേണ്ടവണ്ണം

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. John Joseph.]

നിഷ്കർഷിക്കുമെന്നു വിശ്വസിക്കുന്നു. വിശാലവീക്ഷണത്തോടുകൂടി രാജ്യത്തിനു ക്ഷേമകരങ്ങളും ഐശ്വര്യകരങ്ങളുമായ പദ്ധതികളെന്തെല്ലാമാണെന്നുകണ്ടുപിടിച്ചു അവയെ കാര്യക്ഷമമായും വിശാലമായും നടപ്പിൽകൊണ്ടുവരുന്നതിനു മഹാമനസ്ക്കതയോടുകൂടി പ്രവർത്തിക്കുന്നതിനുള്ള ഒരു സന്നദ്ധത ഗവണ്മെൻറു പ്രദർശിപ്പിക്കുന്ന ഈ അവസരത്തിൽ, ഏറെയും ശുഭസൂചകമായ ഒരു ഭാവിയെ പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ എന്റെ ഈ പ്രസംഗം അവസാനിപ്പിക്കുന്നതു.

